27
2024
ഫെബ്രുവരി
ചൊവ്വ
കുംഭം 14

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.141 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-141 പേജ് 4. വില 2.00 രൂപ




02 കുറുമാറ്റം: അഞ്ച് ഗ്രാമപഞ്ചായത്ത് അംഗങ്ങളെ അയോഗ്യരാക്കി
03 പ്രളയ സഹായധനവിതരണത്തിൽ അട്ടിമറിയെന്ന് ആരോപണം
04 ഭിന്നശേഷിയുണ്ടെന്നുകരുതി ഒതുങ്ങിക്കൂടരുത്: മുഖ്യമന്ത്രി

# സംസ്ഥാനത്ത് 35 കുടുംബാരോഗ്യ കേന്ദ്രങ്ങൾ കൂടി യാഥാർത്ഥ്യമായി



തിരുവനന്തപുരം : നവ കേരളം കർമ്മ പദ്ധതി ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്ത് 35 കുടുംബാരോഗ്യ കേന്ദ്രങ്ങൾ കൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി പ്രവർത്തനസജ്ജമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കഴിഞ്ഞ ഏപ്രിൽ മാസം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത 50 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ശേഷമുള്ളവയാണിവ. സംസ്ഥാനത്തെ 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും അധികമായി ജീവനക്കാരെ നിയമിച്ചും ഘട്ടം ഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നത്. ഇതോടെ ആകെ 663 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയത്. സമഗ്ര പ്രാഥമിക ആരോഗ്യ പരിരക്ഷ ഉറപ്പാക്കാനായി ഈ സർക്കാർ 5415 ജനകീയാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചിരുന്നു. ഇതുകൂടാതെ നഗര പ്രദേശങ്ങളിലും 380 നഗര ജനകീയാരോഗ്യ കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കുന്നു. ഇവയെല്ലാം യാഥാർത്ഥ്യമാകുന്നതോടെ വീട്ടിന് തൊട്ടടുത്ത് തന്നെ പ്രാഥമിക ആരോഗ്യ പരിചരണവും രോഗപ്രതിരോധവും ഉറപ്പാക്കാനാകുമെന്നും മന്ത്രി വ്യക്തമാക്കി.

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ, തൊടിയൂർ, പത്തനംതിട്ട ജില്ലയിലെ കുളനട, ആങ്ങമൂഴി, ആലപ്പുഴ ജില്ലയിലെ മുളക്കുഴ, ആറാട്ടുപുഴ, ബുധനൂർ, കോട്ടയം ജില്ലയിലെ കടനാട്, തൃശൂർ കുത്താമ്പുള്ളി, കൂർക്കഞ്ചേരി, മുണ്ടത്തിക്കോട്, പൊറത്തിശ്ശേരി, പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര, കൊടുമ്പ്, പൊൽപ്പുള്ളി, പുതുനഗരം, നാഗലശ്ശേരി, തിരുവേഗപ്പുര, ലക്കിടി, പിരായിരി, മലപ്പുറം ജില്ലയിലെ തൃക്കണാപുരം, തൃപ്പനച്ചി, വെട്ടത്തൂർ, കീഴാറ്റൂർ, കുറുമ്പലങ്ങോട്, എടപ്പറ്റ, അമരമ്പലം, കോഴിക്കോട് ജില്ലയിലെ തൂണേരി, വയനാട് ജില്ലയിലെ കുറുക്കൻമൂല, പാക്കം, മുള്ളൻകൊല്ലി, കാപ്പ്കുന്ന്, ചുള്ളിയോട്, വരദൂർ, കാസർഗോഡ് ജില്ലയിലെ പുത്തിഗെ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തനസജ്ജമാക്കിയത്. ഇതിൽ കുളനട, ആങ്ങമൂഴി, തൂണേരി തുടങ്ങിയ കേന്ദ്രങ്ങളുടെ ഉദ്ഘാടനം കഴിഞ്ഞു.

രാവിലെ 9 മണിമുതൽ 6 മണിവരെയുള്ള ഒപി സേവനങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രത്യേകത. ആശുപത്രികളെ ജനസൗഹൃദമാക്കുന്നതിനായി എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും ഉപയോഗിക്കുന്നതിനായി റാംപ്, രോഗിയുടെ സ്വകാര്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ പരിശോധനാ മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ് മുറികളിൽ ബോധവത്ക്കരണത്തിനായി ടെലിവിഷൻ, എയർപോർട്ട് ചെയർ, ദിശാബോർഡുകൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗീ സൗഹൃദ ശുചിമുറികൾ എന്നിവ ഉറപ്പാക്കുന്നു.

# ജനപ്രിയ ഗസൽ ഗായകൻ പങ്കജ് ഉദാസ് അന്തരിച്ചു



മുംബൈ : രാജ്യത്തെ ഏറ്റവും ജനപ്രിയനായ ഗസൽ ഗായകൻ പങ്കജ് ഉദാസ് അന്തരിച്ചു. രാവിലെ 11 മണിയോടെ മുംബൈ ബ്രീച്ച് കാൻഡി ആശുപത്രിയിലായിരുന്നു അന്ത്യം. കുടുംബം ഔദ്യോഗിക പ്രസ്താവനയിലൂടെ മരണം സ്ഥിരീകരിച്ചിട്ടുണ്ട്. ഹിന്ദി സിനിമയ്ക്കും ഗസൽ സംഗീത ശാഖയിലെ ജനപ്രിയ ധാരയ്ക്കും പങ്കജ് ഉദാസ് നൽകിയ സംഭാവന സമാനതകളില്ലാത്തതായിരുന്നു. 72 വയസ്സായിരുന്നു.

'ചിത്തി ആയി ഹേ', 'ജീയേ തോ ജീയേ കൈസേ', ചാന്ദി ജൈസ രംഗ് ഹൈ തേരാ സോനേ ജൈസെ ബാൽ, 'ഔർ ആഹിസ്ത കിജിയേ ബാത്തേൻ', 'നാ കജ്രേ കി ധർ' ആയിയേ ബാരിഷോം കാ മോസം എന്നിവ പങ്കജ് ഉദാസിന്റെ പ്രധാനപ്പെട്ട ജനപ്രിയ ഗാനങ്ങളിൽ ചിലതാണ്. നിരവധി ആൽബങ്ങൾ പുറത്തിറക്കി. അവ ലോകമെമ്പാടും സംഗീതകച്ചേരികളിൽ അവതരിപ്പിച്ചു ഹൃദയം കവർന്നു. ആർദ്രമായ ആലാപന ശൈലിയും ശബ്ദവും ആരാധകർ സ്വന്തമായി കരുതി ആരാധിച്ചു. 2006ലാണ് പത്മശ്രീ പുരസ്കാരം നൽകി രാജ്യം പങ്കജ് ഉദാസിനെ ആദരിച്ചത്.

1951 മെയ് 17ന് ഗുജറാത്തിലെ രാജ്കോട്ടിനടുത്തുള്ള ജേത്പൂരിൽ ചർഖ്ഡി എന്ന കൊച്ചുഗ്രാമത്തിൽ ഒരു ജമീന്ദാർ കുടുംബത്തിലാണ് പങ്കജ് ഉദാസിന്റെ ജനനം. കേശുഭായ് ഉദാസ് ജിതുബേൻ ഉദാസ് ദമ്പതികളുടെ മൂന്ന് മക്കളിൽ ഏറ്റവും ഇളയവനായിരുന്നു പങ്കജ്. ബോംബെയിലെ സെന്റ് സേവിയേഴ്സ് കോളേജിലായിരുന്നു പഠനം. ഉറുദു കവികളുടെ വരികൾ തന്റെ വേറിട്ട ശൈലിയിലൂടെ ആലപിച്ചാണ് പങ്കജ് ശ്രദ്ധനേടിയത്.

ഗുജറാത്തിലെ . മൂത്ത് സഹോദരൻ മൻഹർ ഉദാസ് നേരത്തെ ബോളിവുഡിൽ സാന്നിധ്യമറിയിച്ചയാളാണ്. കല്ല്യാൺജി ആനന്ദ്ജിമാരുടെ സഹായിയായി മുകേഷിനുവേണ്ടി ട്രാക്ക് പാടിയിരുന്ന മൻഹർ ഗുജറാത്തിയിലും ഹിന്ദിയിലും പഞ്ചാബിയിലും ബംഗാളിയിലുംമായി മുന്നൂറിലേറെ ഗാനങ്ങൾ ആലപിച്ചു. എങ്കിലും അർഹിക്കുന്ന പ്രശസ്തി നേടിയെടുക്കാനായില്ല. പക്ഷെ പങ്കജ് ഉദാസ് പിന്നണി ഗാനരംഗത്തേക്കാൾ ഗസലുകൾക്ക് പ്രാധാന്യം കൊടുത്തു.

# പ്രധാനമന്ത്രിയുടെ വിരുന്നിൽ പങ്കെടുത്ത ബിഎസ്പി എംപി ബിജെപിയിൽ ചേർന്നു

ന്യൂഡൽഹി: ഏഴ് എംപിമാർക്കായി പാർലമെൻറ് കാൻറീനിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഒരുക്കിയ വിരുന്നിൽ പങ്കെടുത്ത ബിഎസ്പി എംപി ബിജെപിയിൽ ചേർന്നു. ഉത്തർപ്രദേശിലെ അംബേദ്കർ നഗറിൽനിന്നുള്ള എംപി റിതേഷ് പാണ്ഡെയാണ് ബിജെപിയിൽ ചേർന്നത്.

ബിഎസ്പി നേതാവ് മായാവതിയെ പലതവണ കാണാൻ ശ്രമിച്ചിട്ടും നടന്നില്ലെന്നും, പാർട്ടി യോഗങ്ങൾക്ക് തന്നെ വിളിക്കുന്നില്ലെന്നും റിതേഷ് ആരോപിച്ചു. പാർട്ടിക്ക് തൻറെ സേവനം ആവശ്യമില്ലെന്ന് മനസിലായെന്നും രാജിക്കത്തിൽ പറയുന്നു. ബിജെപി ദേശീയ ജനറൽ സെക്രട്ടറി സുനിൽ ബൻസലുമായി റിതേഷ് പാണ്ഡെ ബന്ധപ്പെട്ടിരുന്നുവെന്നും നിലവിൽ അദ്ദേഹം പ്രതിനിധീകരിക്കുന്ന സീറ്റിൽ നിന്ന് അദ്ദേഹത്തെ മത്സരിപ്പിക്കാമെന്ന് ബിജെപി വാഗ്ദാനം ചെയ്തതായും റിപ്പോർട്ടുണ്ട്.

ബിഎസ്പി ഇത്തവണ റിതേഷിന് മത്സരിക്കാൻ ടിക്കറ്റ് നൽകില്ലെന്ന് സൂചനയുണ്ടായിരുന്നു. 2017 ലെ യുപി നിയമസഭാ തെരഞ്ഞെടുപ്പിൽ ജലാൽപൂരിൽ നിന്നു ജയിച്ച റിതേഷ് 2019ൽ അംബേദ്കർ നഗർ മണ്ഡലത്തിൽ നിന്ന് 95,880 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് ലോക്സഭയിലേക്ക് കന്നിജയം സ്വന്തമാക്കിയത്.

പ്രതിപക്ഷത്തെ ഏഴ് എംപിമാർക്കായി പ്രധാനമന്ത്രി ഒരുക്കിയ വിരുന്നിൽ കേരളത്തിൽ നിന്ന് എൻ.കെ.പ്രേമചന്ദ്രൻ പങ്കെടുത്തിരുന്നു.

## ഐസക് തോമസ് കൊട്ടുകപ്പള്ളി യുടെ ഓർമ ദിവസം ഫെബ്രുവരി മാസത്തിലെ പതിനെട്ടിനാണ്.

# സംഗീതത്തിന്റെ സൗമ്യഭാവം

**മോഹൻ ശ്രീശൈലം**



സംഗീതത്തിന്റെ കൈവഴിയിലൂടെ ശാന്തമായി ഒഴുകിയ നദി പോലെയാണ് ഐസക് തോമസിന്റെ സംഗീത ജീവിതം മലയാളം, കന്നട, ഹിന്ദി സിനിമകളിൽ പ്രവർത്തിച്ചു. നിരവധി ഇംഗ്ലീഷ് ഡോക്യുമെന്ററികൾക്കും പരസ്യങ്ങൾക്കും അദ്ദേഹം സംഗീതം നൽകി.

ഗിരീഷ് കാസറവള്ളി സംവിധാനം ചെയ്ത ദേശീയ അവാർഡ് നേടിയ കന്നഡ ചിത്രമായ തായ് സാഹെബ (1997) എന്ന ചിത്രത്തിലൂടെയാണ് ഐസക് സംഗീതസംവിധായകനായി ചലച്ചിത്രമേഖലയിൽ അരങ്ങേറ്റം കുറിച്ചത് . ആദാമിന്റെ മകൻ അബു (2010) എന്ന ചിത്രത്തിലെ പശ്ചാത്തലസംഗീതത്തിന് , 58ാമത് ദേശീയ ചലച്ചിത്ര അവാർഡിൽ ഐസക്ക് മികച്ച സംഗീത സംവിധായകനുള്ള പുരസ്കാരം നേടി . ഇതുകൂടാതെ, വിവിധ മലയാള സിനിമകളിലെ സ്കോറിന് അഞ്ച് തവണ കേരള സംസ്ഥാന ചലച്ചിത്ര അവാർഡുകൾ നേടി .

മുൻ പാർലമെന്റ് അംഗം ജോർജ് തോമസ് കൊട്ടുകപ്പള്ളിയുടെ മകനാണ് ഐസക്, കേരളത്തിലെ പാലായിലെ കൊട്ടുകാപ്പള്ളി കുടുംബാംഗമായിരുന്നു . അദ്ദേഹത്തിന്റെ ബാല്യകാല പ്രവർത്തനങ്ങൾ പ്രധാനമായും കലയിലും സംഗീതത്തിലുമായിരുന്നു. ബിഷപ്പ് കോട്ടൺ ബോയ്സ് സ്കൂളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം . പാലായിലെ വീട്ടിൽ, സംഗീതത്തിന്റെയും സാഹിത്യത്തിന്റെയും വിപുലമായ ശേഖരം അദ്ദേഹം തുറന്നുകാട്ടി. സി. രാമചന്ദ്ര , ബോംബെ രവി , മദൻ മോഹൻ , എസ്.ഡി. ബർമൻ തുടങ്ങിയ സംഗീത സംവിധായകരുടെ രചനകളോടുള്ള അദ്ദേഹത്തിന്റെ ആകർഷണം അദ്ദേഹത്തെ സംഗീത രചനയിലേക്ക് പ്രേരിപ്പിച്ചു.

ബാലെകളിലും ഓപ്പറകളിലും താൽപ്പര്യമുണ്ടായിരുന്ന അദ്ദേഹം തിരക്കഥകൾ എഴുതാനും തുടങ്ങി. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്ന് ബിരുദം നേടിയപ്പോൾ , പൂനെയിലെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയിൽ (എഫ്ടിഐഐ) ചേരാൻ തീരുമാനിച്ചു . ചലച്ചിത്ര സംവിധാനത്തിലും തിരക്കഥാ രചനയിലും ബിരുദാനന്തര ബിരുദം നേടി. തുടർന്ന്, തമ്പ് (1978), കുമ്മാട്ടി (1979), എസ്തപ്പാൻ (1980) തുടങ്ങിയ സിനിമകൾക്കായി അദ്ദേഹം ജി.അരവിന്ദനെ സഹായിക്കാൻ തുടങ്ങി . 1997ൽ പുറത്തിറങ്ങിയ കന്നഡ ചിത്രമായ തായ് സാഹെബയിലൂടെയാണ് ഐസക് സംഗീതസംവിധാനത്തിലേക്ക് പ്രവേശിച്ചത്. ഈ ചിത്രം നിരൂപകർ നന്നായി സ്വീകരിക്കുകയും സംഗീതം പ്രശംസിക്കുകയും ചെയ്തു. ഗിരീഷ് കാസറവള്ളി എന്ന സംവിധായകനുമായുള്ള ഐസക്കിന്റെ ദീർഘകാല ബന്ധത്തിന് ഇത് വഴിയൊരുക്കി . കാസറവള്ളിയുടെ ഭാവി ചിത്രങ്ങളായ ക്രൗര്യ (1996), ദ്വീപ (2002), നായീ നേരു (2006), ഗുലാബി ടാക്കീസ് (2008) എന്നിവ അദ്ദേഹം സ്കോർ ചെയ്തു .

മലയാളത്തിൽ, മാർഗം , സഞ്ചാരം , കുട്ടി സ്രാങ്ക് , പുണ്യം അഹം , ആദാമിന്റെ മകൻ അബു തുടങ്ങി നിരവധി ചിത്രങ്ങൾക്ക് അദ്ദേഹം സംഗീതം നൽകി , കൂടാതെ കേരള സംസ്ഥാന അവാർഡുകളും ദേശീയ ചലച്ചിത്ര അവാർഡും നേടി. 1:1.6 ആൻ ഓഡ് ടു ലോസ്റ്റ് ലവ് (2004) എന്ന ചിത്രത്തിനായുള്ള അദ്ദേഹത്തിന്റെ സ്കോറും ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് ഇന്ത്യയിലെ പനോരമയിൽ പ്രശംസിക്കപ്പെട്ടു.



# ടെക്നോപാർക്ക് കമ്പനികളുമായി സഹകരിക്കാൻ സന്നദ്ധത അറിയിച്ച് ലൈബീരിയൻ പ്രതിനിധി സംഘം

### ആഫ്രിക്കൻ പ്രതിനിധികൾ ടെക്നോപാർക്ക് സന്ദർശിച്ചു

തിരുവനന്തപുരം: ഇന്ത്യയിലെ ആദ്യ ഐടി പാർക്കായ ടെക്നോപാർക്കിലെ കമ്പനികളുമായുള്ള സഹകരണത്തിന് സന്നദ്ധത അറിയിച്ച് ലൈബീരിയൻ പ്രതിനിധി സംഘം. ടെക്നോപാർക്ക് സന്ദർശിച്ച പ്രതിനിധി സംഘം ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായരുമായി (റിട്ട) ആശയ വിനിമയം നടത്തി.

കേണൽ സഞ്ജീവ് നായർ (റിട്ട) ടെക്നോപാർക്കിനെക്കുറിച്ചും കേരളത്തിൻറെ ഐടി ഇക്കോസിസ്റ്റത്തെക്കുറിച്ചുമുള്ള അവതരണം നടത്തി. ഏതൊരു ബിസിനസിനും വളരാൻ ആവശ്യമായ മികച്ച,സുരക്ഷിത, ഡിജിറ്റൽ ഘടകങ്ങൾ അടങ്ങിയ ആവാസവ്യവസ്ഥ ഇന്ത്യയിൽ തന്നെ പുരോഗതിയിൽ മുന്നിൽ നില്ക്കുന്ന കേരളത്തിലുണ്ടെന്ന് ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട) പറഞ്ഞു.

ടെക്നോപാർക്കിലെ മികച്ച സൗകര്യങ്ങളെ സംഘം അഭിനന്ദിച്ചു. മികച്ച പ്രൊഫഷണലുകളും സാങ്കേതിക വിദ്യയും അതിനു വളരാൻ അനുയോജ്യമായ അന്തരീക്ഷവും ടെക്നോപാർക്കിലുണ്ടെന്നത് വളരെ നല്ല അനുഭവമാണെന്ന് ലൈബീരിയയിലെ സാമ്പത്തികവിഭാഗം മുൻ ഡെപ്യൂട്ടി മന്ത്രി അഗസ്റ്റസ് ജെ ഫ്ലോമോ പറഞ്ഞു.

ടെക്നോപാർക്കിലെ ഹരിതാഭമായ അന്തരീക്ഷവും സാങ്കേതിക മേഖലയിലെ വലിയ വെല്ലുവിളികൾക്ക് പരിഹാരം കാണുന്ന പ്രൊഫഷണലുകളുടെ കണ്ടെത്തലുകളും ലോകത്തിന് മാതൃകയാണ്. ആഫ്രിക്കയിൽ പ്രത്യേകിച്ച് ലൈബീരിയയിൽ ഇത്തരം മാതൃകകൾ ആവശ്യമാണ്. ആഫ്രിക്കയ്ക്ക് ഐടി മേഖലയിൽ വളരാൻ സർക്കാർസ്വകാര്യ മേഖലകളുമായുള്ള പങ്കാളിത്തം അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

ടെക്നോപാർക്കിൻറെ പിന്നിൽ പ്രവർത്തിച്ച പൂർവികരുടെ ശരിയായ നടപടികളും തീരുമാനങ്ങളും ജനങ്ങളുടെ പിന്തുണയുമാണ് ഈ ടെക്നോളജി ഹബ്ബിൻറെ വളർച്ചയ്ക്ക പിന്നിൽ. വികസ്വര രാജ്യങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് ജനങ്ങളുടെ പോസിറ്റീവും ശക്തവുമായ ചിന്താഗതിയുടെ പിന്തുണ ആവശ്യമാണെന്നും ടെക്നോപാർക്ക് ഇതിന് ഉദാഹരണമാണെന്നും ഗൂസ്മാൻ ഐ എൻ സി യുടെ സിഇഒ യുമായ അഗസ്റ്റസ് ജെ ഫ്ലോമോ പറഞ്ഞു.

ടെക്നോപാർക്കിലെ സ്ത്രീകളുടെ പങ്കാളിത്തവും പുരുഷന്മാരുമായി ഒത്തുചേർന്ന് പ്രവർത്തിക്കുന്നതും വലിയ നേട്ടത്തിലേക്ക് നയിക്കുമെന്ന് ലൈബീരിയൻ ബോർഡ് ഫോർ നഴ്സിംഗ് ആൻഡ് മിഡ്വൈഫറി എക്സിക്യൂട്ടീവ് രജിസ്ട്രാർ സെസീലിയ സികെ ഫ്ലോമോ പറഞ്ഞു.

ജനങ്ങളിൽ ശരിയായ ചിന്താഗതി രൂപപ്പെടുത്തുന്നതിന് കേരളത്തിൻറെ സാക്ഷരതാ നിരക്ക് സഹായകമായെന്ന് ലൈബീരിയൻ ബോർഡ് ഫോർ നഴ്സിംഗ് ആൻഡ് മിഡ്വൈഫറി ഫിനാൻസ് ഹെഡ് തിയോഫിലസ് വാ പറഞ്ഞു, സർക്കാർ തലത്തിലുള്ള പിന്തുണയിലൂടെയാണ് ടെക്നോപാർക്ക് വികസിച്ചത്. ലൈബീരിയയ്ക്ക് ടെക്നോപാർക്കുമായി പങ്കാളിത്തം സ്ഥാപിക്കാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

പശ്ചിമാഫ്രിക്കൻ വിപണിയിലെ വളർന്നുവരുന്ന അവസരങ്ങൾ പ്രദർശിപ്പിക്കാൻ ലക്ഷ്യമിട്ട് ഫെബ്രുവരി 27ന് കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിക്കുന്ന 'സ്കെയിൽ ടു വെസ്റ്റ് ആഫ്രിക്ക'യിൽ പങ്കെടുക്കാനാണ് പശ്ചിമാഫ്രിക്കൻ പ്രതിനിധി സംഘം എത്തിയത്.

ടെക്നോപാർക്കിലെ കസ്റ്റമർ റിലേഷൻഷിപ്പ് എജിഎം വസന്ത് വരദ, നിയോനിക്സ് സൊല്യൂഷൻസിൻറെ സഹസ്ഥാപകരായ അരുൺ ആർ എസ് ചന്ദ്രൻ, ഗുരുമത് എന്നിവരും ടെക്നോ പാർക്കിലെ മറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്തു.



*ടെക്നോപാർക്ക് സന്ദർശിച്ച ആഫ്രിക്കൻ പ്രതിനിധികളുമായി ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.)ആശയവിനിമയം നടത്തുന്നു. ടെക്നോപാർക്കിലെ കസ്റ്റമർ റിലേഷൻഷിപ്പ് എജിഎം വസന്ത് വരദ, നിയോനിക്സ് സൊല്യൂഷൻസിന്റെ സഹസ്ഥാപകരായ അരുൺ ആർ എസ് ചന്ദ്രൻ, ഗുരുമത് എന്നിവർ സമീപം.*

## യോഗ ഹാൾ ഉദ്ഘാടനം

സർക്കാർ ആയുർവേദ കോളേജിന്റെ നിയന്ത്രണത്തിലുള്ള പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിൽ പുതുതായി പണികഴിപ്പിച്ച യോഗ ഹാളിന്റെ ഉദ്ഘാടനം 2024 ഫെബ്രുവരി 28ന് പകൽ 11.30 മണിക്ക് ആരോഗ്യ, വനിതാ ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്ജ് നിർവഹിക്കും. പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി അഡ്വ. വി.ശിവൻകുട്ടി ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും. നഗരസഭാ സാംസ്കാരിക കേന്ദ്രം പൂജപ്പുര മണ്ഡപത്തിൽ നടക്കുന്ന ചടങ്ങിൽ മേയർ ആര്യാ രാജേന്ദ്രൻ, ഡോ. ശശി തരൂർ എം.പി, ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ് എ.പി.എം എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുക്കും.

## പ്രധാനമന്ത്രി 27ന് തിരുവനന്തപുരത്ത്

### വി. എസ്. എസ്. സിയിൽ വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്യും

പ്രധാനമന്ത്രി നരേന്ദ്രമോദി 27ന് തിരുവനന്തപുരത്തെത്തും. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ വ്യോമസേനയുടെ ടെക്നിക്കൽ ഏര്യയിൽ രാവിലെ 10.30ന് എത്തുന്ന പ്രധാനമന്ത്രി അവിടെ നിന്ന് വിക്രം സാരാഭായ് സ്പേസ് സെന്ററിലേക്ക് പോകും. വി.എസ്.എസ്.സിയിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനം അദ്ദേഹം നിർവഹിക്കും. തുടർന്ന് ഉച്ചയ്ക്ക് 12 മുതൽ ഒരു മണി വരെ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന പൊതുപരിപാടിയിൽ പങ്കെടുക്കും. ഉച്ചയ്ക്ക് 1.20ന് തിരുവനന്തപുരത്ത് നിന്ന് തമിഴ്നാട്ടിലേക്ക് യാത്രതിരിക്കും. 28ന് ഉച്ചയ്ക്ക് 1.10 ന് തിരുനെൽവേലിയിൽ നിന്ന് ഹെലികോപ്റ്ററിൽ തിരുവനന്തപുരം വ്യോമസേന ടെക്നിക്കൽ ഏര്യയിൽ തിരിച്ചെത്തന്ന പ്രധാനമന്ത്രി ഉച്ചയ്ക്ക് 1.15ന് മഹാരാഷ്ട്രയിലേക്ക് പോകും.

## കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സിൽ പരിശീലനം

കുറഞ്ഞ കാലയളവിൽ അനായാസം ഇംഗ്ലീഷിൽ ആശയ വിനിമയം നടത്താൻ ആത്മവിശ്വാസമേകുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സിലേക്ക് സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ഫിനിഷിങ് സ്കൂളായ റീച്ച് അപേക്ഷ ക്ഷണിച്ചു. ഓൺലൈൻ ക്ലാസുകളും തിരുവനന്തപുരം കേന്ദ്രത്തിൽ ഓഫ്ലൈൻ പരിശീലന സൗകര്യം ലഭ്യമാണ്. +2, ഡിഗ്രി പാസായവർക്ക് അപേക്ഷിക്കാം. അവസാന തീയതി മാർച്ച് 4. വിശദവിവരങ്ങൾക്ക്: 04712365445, 9496015002, www.reach.org.in.

## കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പുതിയ അഡ്മിനിസ്ട്രേറ്റീവ് അംഗം സത്യപ്രതിജ്ഞ ചെയ്തു

കേരള അഡ്മിനിസട്രേറ്റീവ് ട്രൈബ്യൂണലിൽ അഡ്മിനിസ്ട്രേറ്റീവ് അംഗമായി മഹാരാഷ്ട്ര മുൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, എൻ. വാസുദേവൻ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ചെയർമാൻ ജസ്റ്റിസ് സി.കെ. അബ്ദുൾ റഹീം സത്യവാചകം ചൊല്ലികൊടുത്തു.

ഇതിനോടനുബന്ധിച്ചു നടന്ന ഔദ്യോഗിക ചടങ്ങിൽ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ അശോക് എം. ചെറിയാൻ, തിരുവനന്തപുരം ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. ബാലു എസ്.എസ്, തിരുവനന്തപുരം കെ.ഐ.ടി അഡ്വക്കേറ്റ് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. എം. ഫത്താഹുദ്ദീൻ, എറണാകുളം കെ.ഐ.ടി അഡ്വക്കേറ്റ് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. മുരളി പള്ളത്ത് തുടങ്ങിയവർ ആശംസാ പ്രസംഗം നടത്തി. പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, നിയമ സെക്രട്ടറി കെ.ജി. സനൽ കുമാർ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ കെ.പി. ജയചന്ദ്രൻ തുടങ്ങിയവർ സന്നിഹിതരായി. രജിസ്ട്രാർഇൻചാർജ് ഷെറിൻ ആഗ്നസ് ഫെർണാൻഡസ് ചടങ്ങുകൾ സംഘടിപ്പിച്ചു.

## കൂറുമാറ്റം: അഞ്ച് ഗ്രാമപഞ്ചായത്ത് അംഗങ്ങളെ അയോഗ്യരാക്കി

കരുംകുളം, രാമപുരം, റാന്നി, എഴുമറ്റൂർ ഗ്രാമപഞ്ചായത്തുകളിലെ അഞ്ച് അംഗങ്ങളെ സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അയോഗ്യരാക്കി. സോളമൻ. എസ് (കരുംകുളം ഗ്രാമപഞ്ചായത്ത്), ഷൈനി സന്തോഷ് (രാമപുരം ഗ്രാമപഞ്ചായത്ത്), എം.പി.രവീന്ദ്രൻ, എ.എസ്. വിനോദ് (റാന്നി ഗ്രാമപഞ്ചായത്ത്), ലീലാമ്മ സാബു (എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്) എന്നിവരെ കൂറുമാറ്റ നിരോധനനിയമപ്രകാരമാണ് അയോഗ്യരാക്കിയത്. നിലവിൽ അംഗമായി തുടരുന്നതിനും 2024 ഫെബ്രുവരി 22 മുതൽ ആറ് വർഷത്തേക്ക് ഏതെങ്കിലും തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുമാണ് വിലക്ക് ഏർപ്പെടുത്തിയത്.2020 ഡിസംബറിലെ പൊതുതിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) പാർട്ടിയുടെ സ്ഥാനാർത്ഥിയായി കരുംകുളം 18 ാം വാർഡിൽ നിന്നും വിജയിച്ച സോളമൻ. എസ് 2023 ജനുവരി അഞ്ചിന് നടന്ന പ്രസിഡന്റ് , വൈസ്പ്രസിഡന്റ് തിരഞ്ഞെടുപ്പുകളിൽ പാർട്ടി വിപ്പ് ലംഘിച്ച് പാർട്ടിയുടെ ഔദ്യോഗിക സ്ഥാനാർത്ഥികൾക്കെതിരെ വോട്ട് ചെയ്തിരുന്നു. ഇത് കൂറുമാറ്റമാണെന്ന് വിലയിരുത്തിയാണ് കമ്മീഷൻ അയോഗ്യനാക്കിയത്.ഗ്രാമപഞ്ചായത്ത് അംഗമായ മധുസൂദനൻ നായർ സമർപ്പിച്ച ഹർജ്ജിയിലാണ് കമ്മീഷന്റെ നടപടി.

രാമപുരം ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ നിന്നും ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർട്ടിയുടെ സ്ഥാനാർത്ഥിയായി വിജയിച്ച ഷൈനി സന്തോഷ് പാർട്ടി വിപ്പ് ലംഘിച്ച് 2022 ജൂലൈ 27 ന് നടന്ന പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മത്സരിക്കുകയും വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ പാർട്ടി സ്ഥാനാർത്ഥിക്കെതിരെ വോട്ട് ചെയ്തതുമാണ് കൂറുമാറ്റമായി വിലയിരുത്തി അയോഗ്യയാക്കിയത്. ഗ്രാമപഞ്ചായത്ത് അംഗമായ മനോജ്. സി. ജോർജ്ജ് സമർപ്പിച്ച ഹർജ്ജിയിലാണ് കമ്മീഷന്റെ നടപടി.

2020 ഡിസംബറിലെ പൊതുതിരഞ്ഞെടുപ്പിൽ ബി.ജെ.പി സ്ഥാനാർത്ഥികളായി റാന്നി ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ വിജയിച്ച എം.പി.രവീന്ദ്രൻ, ഏഴാം വാർഡിൽ വിജയിച്ച വിനോദ്. എ.എസ് എന്നിവർ പാർട്ടി വിപ്പ് ലംഘിച്ച് 2022 ഒക്ടോബർ 27 ന് നടന്ന പ്രസിഡന്റ്, വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പുകളിൽ വോട്ട് ചെയ്തതാണ് കൂറുമാറ്റനിയമപ്രകാരം അയോഗ്യതയായത്. ബിജെപി പത്തനംതിട്ട ജില്ലാ പ്രസിഡന്റ് വി.എ.സൂരജ് നൽകിയ ഹർജിയിലാണ് കമ്മീഷൻ വിധി പ്രഖ്യാപിച്ചത്.

എഴുമറ്റൂർ ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡ് അംഗമായ ലീലാമ്മ സാബു (ഇന്ത്യൻ നാഷണൽ കോൺഗ്രസ്) 2021 ഒക്ടോബർ ഒന്നിന് നടന്ന ആരോഗ്യ,വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തിരഞ്ഞെടുപ്പിൽ പാർട്ടി വിപ്പ് ലംഘിച്ച് മത്സരിച്ചതും വോട്ട് ചെയ്തതുമായ നടപടിയാണ് കൂറുമാറ്റ നിയമപ്രകാരം അയോഗ്യതയ്ക്ക് കാരണമായത്. ഗ്രാമപഞ്ചായത്തംഗമായ ആർ . കൃഷ്ണകുമാർ സമർപ്പിച്ച ഹർജിയിലാണ് കമ്മീഷന്റെ നടപടി.

## കുമാർ സാഹ്നിയുടെ വിയോഗത്തിൽ മുഖ്യമന്ത്രിയുടെ അനുശോചനം

പ്രശസ്ത സംവിധായകൻ കുമാർ സാഹ്നിയുടെ നിര്യാണം ചലച്ചിത്ര മേഖലയ്ക്കു മാത്രമല്ല, രാജ്യത്തിന്റെ പുരോഗമന പ്രസ്ഥാനങ്ങൾക്കാകെ വലിയ നഷ്ടമാണ്. നൂതനമായ ശൈലിയിലൂടെ പുതിയ ഭാവുകത്വം സൃഷ്ടിച്ച കുമാർ സാഹ്നി ഇന്ത്യൻ സമാന്തര സിനിമയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്കാണ് വഹിച്ചത്. മായാദർപ്പൺ, തരംഗ്, ഖായൽ ഗാഥ തുടങ്ങിയ സിനിമകളെല്ലാം ക്ലാസിക്കുകളാണ്. കലയെ സാമൂഹ്യവിമർശനത്തിനും മാറ്റത്തിനുമുള്ള ഉപാധി കൂടിയായി ഉപയോഗിച്ച കുമാർ സാഹ്നിക്ക് തൊഴിലാളി വർഗത്തോട് അഗാധമായ കൂറാണുണ്ടായിരുന്നത്. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമായി അടുത്ത ബന്ധം സൂക്ഷിച്ചിരുന്ന സാഹ്നിക്ക് കേരളത്തോടും കമ്മ്യൂണിസ്റ്റ് പാർട്ടിയോടും വലിയ മമതയായിരുന്നു. പാർട്ടിയുടെ സാംസ്കാരിക ഇടപെടലുകളുടെ ഭാഗമാകാൻ ഉത്സാഹം കാണിച്ചിരുന്ന അദ്ദേഹം വനിതാ മതിലിൽ ഉൾപ്പെടെ പങ്കെടുത്തിരുന്നു. വ്യക്തിപരമായ അടുപ്പം സൂക്ഷിച്ചിരുന്നു. കേരളത്തിന്റെ നേട്ടങ്ങളിൽ അഭിമാനം കൊണ്ടിരുന്ന കുമാർ സാഹ്നിയുടെ വിയോഗം നമ്മുടെ നാടിന്റെ നഷ്ടം കൂടിയാണ്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടേയും സുഹൃത്തുക്കളുടേയും ദു:ഖത്തിൽ പങ്കു ചേരുന്നു.

## ന്യൂനപക്ഷ കമ്മിഷൻ സിറ്റിംഗ് ഇന്ന്

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മിഷന്റെ തിരുവനന്തപുരം ജില്ലാ സിറ്റിംഗ് ഇന്ന് (27/02/2024) രാവിലെ 11 ന് കമ്മിഷന്റെ ശാസ്തമംഗലത്തുള്ള ഓഫീസ് കോർട്ട് ഹാളിൽ നടക്കും. സിറ്റിംഗിൽ നിലവിലുള്ള പരാതികൾ പരിഗണിക്കുന്നതോടൊപ്പം പുതിയ പരാതികളും സ്വീകരിക്കും.

സംസ്ഥാനത്തെ വനമേഖലയിൽ, പ്രത്യേകിച്ച് വയനാട് ജില്ലയിലെ വനത്തോട് ചേർന്ന് കിടക്കുന്ന ജനവാസ മേഖലയിൽ അടിക്കടിയുണ്ടാകുന്ന വന്യമൃഗ ആക്രമണങ്ങളിൽ കമ്മിഷൻ സ്വമേധയാ എടുത്ത കേസും സിറ്റിംഗിൽ പരിഗണിക്കും.

## കർഷകരുമായി മുഖാമുഖം

നവകേരള സദസ്സിന്റെ തുടർച്ചയായി വ്യത്യസ്ത മേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളുമായി മുഖ്യമന്ത്രി നേരിട്ട് സംവദിക്കുന്ന മുഖാമുഖം പരിപാടിയുടെ ഭാഗമായുള്ള കർഷക സംവാദം മാർച്ച് 2ന് ആലപ്പുഴ കാംലോട്ട് കൺവെൻഷൻ സെന്ററിൽ വച്ച് രാവിലെ 9. 30 മുതൽ ഉച്ചയ്ക്ക് 1.30 വരെ നടക്കും.

സംസ്ഥാനതലത്തിൽ വിവിധ മേഖലകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെടുന്ന കർഷകർ, കർഷക തൊഴിലാളികൾ, കാർഷിക സംരംഭകർ, കാർഷിക മേഖലയിലെ അക്കാദമിക് സ്ഥാപനങ്ങൾ, കർഷക കർഷക തൊഴിലാളി സംഘടന പ്രതിനിധികൾ തുടങ്ങിയവരുമായി മുഖ്യമന്ത്രി അന്നേദിവസം സംവദിക്കുന്നതാണ്. കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ അധ്യക്ഷതയിൽ ചേരുന്ന പരിപാടിയിൽ മത്സ്യബന്ധന സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ, മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി, രാഷ്ട്രീയ പ്രമുഖർ, കൃഷികൃഷി അനുബന്ധ മേഖലയിലെ ഉദ്യോഗസ്ഥർ, സാമൂഹിക പ്രവർത്തകർ എന്നിവർ സംബന്ധിക്കുന്നതായിരിക്കും.

## താത്ക്കാലിക നിയമനം: ഇന്റർവ്യൂ മാർച്ച് 15ന്

എറണാകുളം ജനറൽ ആശുപത്രിയിൽ ഫിസിക്കൽ മെഡിസിൻ യൂണിറ്റിനോട് ചേർന്ന് ഭിന്നശേഷിക്കാർക്കായി വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്റർ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി ആശുപത്രി വികസന സൊസൈറ്റി മുഖേന തയ്യൽക്കാരനെ താത്ക്കാലികമായി നിയമിക്കുന്നു. വാക് ഇൻ ഇന്റർവ്യൂ മാർച്ച് 15ന് രാവിലെ 10.30ന് നടക്കും.

തയ്യലിൽ പ്രവൃത്തി പരിചയവും ഭിന്നശേഷിക്കാർക്ക് പരിശീലനം നൽകുവാൻ കഴിവുള്ള ഭിന്നശേഷിക്കാർക്കായാണ് അവസരം. അഭിമുഖവും പ്രോയോഗിക പരീക്ഷയും ഉണ്ടായിരിക്കും. ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസ്സൽ പകർപ്പ്, ബയോഡേറ്റ എന്നിവ സഹിതം സൂപ്രണ്ടിന്റെ ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0484 2386000.

## ഇന്ത്യൻ മിലിട്ടറി കോളജ് പ്രവേശനത്തിന് അപേക്ഷിക്കാം

ഡെറാഡൂണിലെ ഇന്ത്യൻ മിലിട്ടറി കോളജിലേക്ക് 2024 ജൂൺ മാസത്തിൽ നടക്കുന്ന പ്രവേശനത്തിനുള്ള യോഗ്യതാ പരീക്ഷ തിരുവനന്തപുരം പൂജപ്പുരയിലുള്ള പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ജൂൺ ഒന്നിനു നടക്കും.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പരീക്ഷക്ക് അപേക്ഷിക്കാം. ഞകങഇ പ്രവേശനസമയത്ത് (2025 ജനുവരി 1ന്) ഏതെങ്കിലും അംഗീകൃത സ്കൂളിൽ 7ാം ക്ലാസ് പഠിക്കുകയോ, 7ാം ക്ലാസ് പാസായിരിക്കുകയോ വേണം. 2012 ജനുവരി 2നും 2013 ജൂലൈ 1നും ഇടയിൽ ജനിച്ചവരായിരിക്കണം. (അതായത് 2025 ജനുവരി 1 ന് അഡ്മിഷൻ സമയത്ത് പതിനൊന്നര വയസ് മുതൽ പതിമൂന്ന് വയസ് വരെ പ്രായമുള്ളവരായിരിക്കണം) അഡ്മിഷൻ നേടിയതിനു ശേഷം ജനന തീയതിയിൽ മാറ്റം അനുവദിക്കില്ല. പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷാ ഫോമും മുൻ വർഷങ്ങളിലെ ചോദ്യപേപ്പറുകളും ലഭിക്കുന്നതിനായി രാഷ്ട്രീയ ഇന്ത്യൻ മിലിട്ടറി കോളജിൽ അപേക്ഷ നൽകണം. ജനറൽ വിഭാഗത്തിലെ കുട്ടികൾക്ക് 600 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിലെ കുട്ടികൾക്ക് 555 രൂപയുമാണ് ഫീസ്. എസ്.സി/എസ്.ടി വിഭാഗത്തിലെ കുട്ടികൾക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം അപേക്ഷാ ഫോമിന് അപേക്ഷിക്കാം. അപേക്ഷാ സ്പീഡ് പോസ്റ്റിൽ ലഭിക്കും. അപേക്ഷാ ഫോം ലഭിക്കുന്നതിന് ഡിമാന്റ് ഡ്രാഫ്റ്റ് 'THE COMMANDANT, RIMC FUND," DRAWEE BRANCH, HDFC BANK OF BALLUPUR, CHOWK, DEHRADUN, (BANK CODE-1399) UTTARAKHAND എന്ന വിലാസത്തിൽ മാറാവുന്ന തരത്തിൽ "THE COMMANDANT RASHTRIYA INDIAN MILITARY COLLEGE, GARHI CANTT, DEHRADUN, UTTARAKHAND, PIN – 248003" എന്ന വിലാസത്തിൽ അപേക്ഷിക്കണം. ഓൺലൈനായി പണമടക്കുന്നതിനുള്ള നിർദേശങ്ങൾ ംംം.ൃശാര.ഴീ.ശി എന്ന വെബ്സൈറ്റിൽ ലഭിക്കും.

കേരളത്തിലും ലക്ഷദ്വീപിലുമുള്ള അപേക്ഷകൾ രാഷ്ട്രീയ ഇന്ത്യൻ മിലിട്ടറി കോളജിൽ നിന്നും ലഭിക്കുന്ന നിർദിഷ്ട അപേക്ഷകൾ പൂരിപ്പിച്ച് ഏപ്രിൽ 15 നു മുൻപായി ലഭിക്കുന്ന തരത്തിൽ 'സെക്രട്ടറി, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം12' എന്ന വിലാസത്തിൽ ഡെറാഡൂൺ രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജിൽ നിന്നും ലഭിച്ച നിർദ്ദിഷ്ട അപേക്ഷാ ഫോറം (2 കോപ്പി), പാസ്പോർട്ട് വലിപ്പത്തിലുള്ള 2 ഫോട്ടോകൾ (ഒരു കവറിൽ ഉള്ളടക്കം ചെയ്തിരിക്കണം), ജനന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ 2 പകർപ്പുകൾ, സ്ഥിരമായ മേൽവിലാസം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ഉീാശരശഹല ഇലൃശേളശരമലേ), വിദ്യാർഥി നിലവിൽ പഠിക്കുന്ന സ്കൂളിലെ മേലധികാരി നിർദിഷ്ട അപേക്ഷാ ഫോം സാക്ഷ്യപ്പെടുത്തുന്നതിനോടൊപ്പം ഫോട്ടോ പതിപ്പിച്ച് ജനന തീയതിയും ഏതു ക്ലാസ്സിൽ പഠിക്കുന്നു എന്നുള്ളതും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിൽ ഉള്ളടക്കം ചെയ്തിരിക്കണം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ 2 പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കണം. ആധാർ കാർഡിന്റെ 2 പകർപ്പ് (ഇരുവശവും ഉൾപ്പെടുത്തിയത്) അല്ലാത്ത അപേക്ഷ നിരസിക്കുന്നതാണ്, 9.35 ഃ 4.25 ഇഞ്ച് വലിപ്പത്തിലുള്ള പോസ്റ്റേജ് കവർ (അഡ്മിഷൻ ടിക്കറ്റ് ലഭിക്കേണ്ട മേൽ വിലാസം എഴുതി 42 രൂപയുടെ സ്റ്റാമ്പ് പതിച്ചത് എന്നിവ സഹിതം അയക്കണം.

## മുനിസിപ്പൽ കൗൺസിലറെ അയോഗ്യനാക്കി

മഞ്ചേരി മുനിസിപ്പൽ കൗൺസിലിലെ കൗൺസിലർ വിശ്വനാഥനെ തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അയോഗ്യനാക്കി. 2020 ലെ പൊതുതിരഞ്ഞെടുപ്പിൽ കരുവമ്പരം വാർഡിൽ നിന്നും വിജയിച്ച വിശ്വനാഥൻ.പി വാർഡ് കൗൺസിലറായിരിക്കവെ വഴിപാട് അസിസ്റ്റന്റ് ക്ളാർക്കായി ജോലിയിൽ തുടർന്നതിനാലാണ് അയോഗ്യനാക്കിയത്.

മഞ്ചേരിയിലെ വോട്ടറും 2020 ലെ പൊതുതിരഞ്ഞെടുപ്പിൽ കരുവമ്പരം വാർഡിൽ സ്ഥാനാർത്ഥിയായി മത്സരിക്കുകയും ചെയ്ത മുനവർ. പി നൽകിയ ഹർജിയിലാണ് കമ്മീഷൻ വിധി പ്രസ്താവിച്ചത്.

## ഡെപ്യൂട്ടേഷൻ ഒഴിവ്

കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റി അനുബന്ധ സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: www.kelsa.keralacourts.in.

# ഫ്ലോട്ടിംഗ് ബ്രിഡ്ജിൻറെ സുരക്ഷ; കൗൺസിൽ യോഗത്തിൽ വാക്കേറ്റം

ചാവക്കാട്: ബ്ലാങ്ങാട് ബീച്ചിലെ ഫ്ലോട്ടിംഗ് ബ്രിഡ്ജിൻറെ സുരക്ഷ ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് കളക്ടർ നൽകിയ കത്തിനെ ച്ചൊല്ലി നഗരസഭ കൗൺസിൽ യോഗത്തിൽ ബഹളം.

ഫ്ലോട്ടിംഗ് ബ്രിഡ്ജ് സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതെയാണ് പ്രവർത്തിക്കുന്നതെന്ന പരാതിയിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജ് എല്ലാ സുരക്ഷാ ക്രമീകരണങ്ങളോടുംകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തണമെന്ന കളക്ടറുടെ ഉത്തരവുമായി ബന്ധപ്പെട്ട അജൻഡയിലാണ് ഭരണപ്രതിപക്ഷ വാക്കേറ്റം നടന്നത്.

മതിയായ സുരക്ഷയില്ലാതെയാണ് ബ്രിഡ്ജ് പ്രവർത്തിച്ചിരുന്നതെന്നു പ്രതിപക്ഷം ആരോപിച്ചു. ഡിഎംസി കമ്മിറ്റിയിലെ അംഗംകൂടിയായ ചെയർപേഴ്സൺ ഉൾപ്പെടെയുള്ളവർ ഉത്തരവാദിത്വത്തിൽനിന്നും മാറി നിൽക്കുകയാണെന്ന് പ്രതിപക്ഷം കുറ്റപ്പെടുത്തി. ബ്രിഡ്ജിൻറെ അപാകത പരിഹരിക്കാൻ കളക്ടർ മുന്പു തന്ന കത്ത് മറച്ചുവച്ചെന്നും ആരോപിച്ചു.

വേലിയേറ്റസമയത്ത് ഫ്ലോട്ടിംഗ് ബ്രിഡ്ജ് തകർന്നപ്പോൾ ഊരിമാറ്റിയതാണെന്ന് പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചതു നഗരസഭയാണെന്നും സ്വകാര്യവ്യക്തികൾക്ക് പ്രവർത്തിക്കാൻ അനുമതി നൽകിയത് നഗരസഭ ചെയർമാൻ അടക്കമുള്ള കമ്മിറ്റിയാണെന്നും യുഡിഎഫ് അംഗങ്ങൾ പറഞ്ഞു. എന്നാൽ യുഡിഎഫ് നേതാവ് അനാവശ്യ ആരോപണങ്ങൾ നടത്തുകയാണെന്നാരോപിച്ച് എൽഡിഎഫ് അംഗങ്ങൾ മറുപടി നൽകിയതോടെ യോഗം ബഹളമയമായി.

അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് യുഡിഎഫ് ഉന്നയിക്കുന്നതെന്നും എല്ലാ സുരക്ഷ മാനദണ്ഡങ്ങളും പാലിച്ചാണ് ഫ്ലോട്ടിംഗ് ബ്രിഡ്ജ് പ്രവർത്തിക്കുന്നതെന്നും വൈസ് ചെയർമാൻ കെ.കെ. മുബാറക്ക് പറഞ്ഞു. ബീച്ച് ടൂറിസത്തെ പൊളിക്കാൻ ശ്രമിക്കുന്ന ലോബിയെ സഹായിക്കുന്ന നിലപാടാണ് യുഡിഎഫിൻറേതെന്നും മുബാറക് പറഞ്ഞു.

ഫ്ലോട്ടിംഗ് ബ്രിഡ്ജിൽ ഒരപകടവും ഉണ്ടായിട്ടില്ലെന്നും ഫ്ലോട്ടിംഗ് ബ്രിഡ്ജിൻറെ നിർമാണം നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ളതാണെന്നും ചെയർപേഴ്സൻ പറഞ്ഞു. സുരക്ഷാ മാനദണ്ഡങ്ങൾ തീരുമാനിക്കാനുള്ള ഗൈഡ്ലൈൻസ് നഗരസഭയ്ക്ക് ലഭിച്ചിട്ടില്ലെന്നും അതിനാൽ നഗരസഭ തലത്തിൽ കമ്മിറ്റി രൂപവത്കരിക്കുന്നതിന് പകരം സാങ്കേതിക പരിജ്ഞാനമുള്ളവരുടെ ഒരു ടെക്നിക്കൽ കമ്മിറ്റി ജില്ലാതലത്തിൽ രൂപവത്കരികകുന്നതാണ് ഉചിതമെന്നും ചെയർപേഴ്സൺ പറഞ്ഞു.

മറ്റ് ആരോപണങ്ങൾ രാഷ്ട്രീയ വിരോധം മാത്രമാണെന്നും ഇത് ടൂറിസം മേഖലയെ തകർക്കാനുള്ള ലക്ഷ്യമാണെന്നും യോഗത്തിൽ അധ്യക്ഷയായ ഷീജ പ്രശാന്ത് പറഞ്ഞു.

കെ.വി. സത്താർ, എം.ആർ. രാധാകൃഷ്ണൻ, ബുഷറ ലത്തീഫ്, ജോയ്സി ആൻറണി, ഷാഹിന സലീം, ബേബി ഫ്രാൻസീസ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

# ഇരിങ്ങാലക്കുട: മാർക്കറ്റിലെ മാംസവ്യാപാര സ്ഥാപനങ്ങളിൽ എഴെണ്ണം ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് വിവരാവകാശരേഖ

നഗരസഭാപരിധിയിലെ 3, 7, 10 വാർഡുകളിലും നിയമവിരുദ്ധമായിട്ടാണ് മാംസവ്യാപാരശാലകൾ പ്രവർത്തിക്കുന്നതെന്നും വ്യക്തമായിട്ടുണ്ട്. ചില സ്റ്റാളുകൾ നഗരസഭയിൽ ലൈസൻസ് ഫീസും വാടകയും അടയ്ക്കുന്നുണ്ടെങ്കിലും നഗരസഭ ലൈസൻസ് നൽകിയിട്ടുമില്ല. ഇവയിൽ ഭൂരിഭാഗവും മാംസവ്യാപാരശാലകൾ പാലിക്കേണ്ട നിബന്ധകൾ ഒന്നും പാലിക്കാതെയാണ് പ്രവർത്തിക്കുന്നതെന്ന് അധികൃതർതന്നെ വ്യക്തമാക്കുന്നു.

മാർക്കറ്റിനുപുറത്ത് പ്രവർത്തിക്കുന്ന മാംസവ്യാപാര സ്ഥാപനത്തിനെതിരെ നടപടി ആവശ്യപ്പെടുന്നവർക്ക് ഇക്കാര്യത്തിൽ മൗനമാണെന്നും വിമർശനം ഉയരുന്നുണ്ട്. മാർക്കറ്റിനുള്ളിൽ മത്സ്യഫെഡിൻറെ കെട്ടിടത്തിൽ മാംസവിൽപന നടത്തുന്നതിനായി ലൈസൻസ് നൽകിയിട്ടില്ലെന്നാണ് നഗരസഭ നൽകിയ വിവരാവകാശ രേഖയിലുള്ളത്. ഉദ്യോഗസ്ഥരും ഭരണകക്ഷിയിലെ ഒരു വിഭാഗം കൗൺസിലർമാരും ഇത് ശരിവയ്ക്കുകയാണ്. എന്നാൽ മത്സ്യഫെഡിൻറെ കെട്ടിടത്തിൽ മാംസവിൽപന നടത്താൻ ലഭിച്ച ലൈസൻസിൻറെ പകർപ്പ് മാംസവ്യാപാരിയായ മുരിയാട് സ്വദേശി റാഫി കോടതിയിൽ നൽകിയിട്ടുണ്ട്.അറവുശാല പ്രവർത്തിക്കാത്തതിനാൽ പുതിയ കടകൾക്ക് മാംസവ്യാപാരത്തിന് ലൈസൻസ് നൽകാൻ സാധിക്കില്ല. എന്നാൽ കോടതിയിൽ നൽകുവാൻ ലൈസൻസിൻറെ പകർപ്പ് എങ്ങിനെ ലഭിച്ചുവെന്നുള്ളത് വ്യക്തമായിട്ടില്ല.

പത്തുലക്ഷം രൂപ നഗരസഭയിൽ അടച്ചാണ് രണ്ട് മുറികൾ വാടകയ്ക്ക് എടുത്തതെന്നും വാടക മുടങ്ങാതെ നൽകുന്നുണ്ടെന്നും ലൈസൻസ് ഫീ അടച്ചിട്ടുണ്ടെന്നുമാണ് റാഫി പറയുന്നത്. മത്സ്യം മൊത്തക്കച്ചവടം നടത്തുന്നതിനുവേണ്ടി മത്സ്യഫെഡിൻറെ പണം ചെലവഴിച്ച് നിർമിച്ച കെട്ടിടത്തിൽ കോഴിയും പോത്തും പോർക്കും ആടും അടങ്ങിയ മാംസ വിൽപന നടത്തുവാൻ ലൈസൻസ് എങ്ങനെ നൽകാനാകുമെന്നതും തർക്കമായി തുടരുകയാണ്.

മാർക്കറ്റിലെ മാംസവ്യാപാരശാലകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഭരണ, പ്രതിപക്ഷകക്ഷികളുടെ ഉള്ളിൽനിന്നുതന്നെ വ്യത്യസ്തമായ അഭിപ്രായങ്ങളാണ് ഉയരുന്നത്. അതേസമയം മാർക്കറ്റിലെ മാംസ വ്യാപാര ശാലകളുടെ പ്രവർത്തനം സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് കൗൺസിലിന് മുമ്പാകെ വയ്ക്കുവാനാണ് നഗരസഭാ സെക്രട്ടറിയുടെ നീക്കം.

# കുമളിയിൽ എസ്ഐക്ക് മർദനം; പ്രതി ഒളിവിൽ

കുമളി: രാത്രി നാട്ടിൽ പരാക്രമം കാട്ടി ഭീകരാന്തരീക്ഷം സൃഷ്ടിച്ച യുവാവ് അന്വേഷണത്തിനെത്തിയ എസ്ഐയെ മർദിച്ചു. കുമളി എസ്ഐ ഷഹീർ ഷായ്ക്കാണ് മർദനമേറ്റത്. വലതു ചെവിയുടെ കർണപുടത്തിന് പരിക്കേറ്റ എസ്ഐയെ കുമളിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച ശേഷം തുടർ ചികിത്സയ്ക്കായി തിരുവനന്തപുരത്തേക്കു മാറ്റി.പ്രതി കുമളി റോസാപ്പൂക്കണ്ടം സ്വദേശി ബാബു (43) ഒളിവിലാണ്. വെള്ളിയാഴ്ച രാത്രി പതിനൊന്നേമുക്കാലോടെ ടൗണിനോടു ചേർന്നുള്ള റോസാപ്പൂക്കണ്ടം കോളനിയിലാണ് സംഭവം. നൈറ്റ് പട്രോളിംഗിലുണ്ടായിരുന്ന എസ്ഐ ഷഹീർ ഷാ സ്റ്റേഷനിൽ നിന്നു വിവരം ലഭിച്ചതിനെത്തുടർന്നാണ് സംഭവസ്ഥലത്തെത്തിയത്.മുറിവേറ്റ് ശരീരമാസകലം ചോരയൊലിപ്പിച്ച് പ്രദേശത്ത് ഭീകന്തരീക്ഷം സൃഷ്ടിക്കുന്ന നിലയിൽ കണ്ട ബാബുവിനെ ആശുപത്രിയിലെത്തിക്കാൻ ശ്രമിക്കുന്നതിനിടെ അപ്രതീക്ഷിതമായി എസ്ഐയെ ആക്രമിക്കുകയായിരുന്നു. അക്രമണത്തിനു ശേഷം ഓടി രക്ഷപ്പെട്ട പ്രതി കുമളി സ്റ്റേഷനിൽ അടിപിടി, ലഹരി കേസുകൾ ഉൾപ്പെടെ നിരവധി കേസുകളിൽ പ്രതിയാണെന്ന് പോലീസ് അറിയിച്ചു. പീരുമേട് ഡിവൈഎസ്പി വിഷാൽ ജോൺസൺ സ്ഥലത്തെത്തി.

# വിവരാവകാശ കമ്മീഷണറുടെ നിയമനം; സർക്കാർ നിർദേശം ഗവർണർ തിരിച്ചയച്ചു

തിരുവനന്തപുരം: വിവരാവകാശ കമ്മീഷണറുടെ നിയമനത്തിനായി സർക്കാർ നൽകിയ പട്ടിക ഗവർണർ തിരിച്ചയച്ചു. മൂന്നുപേരുടെ പട്ടികയാണ് ഗവർണർ തിരിച്ചയച്ചത്. പരാതികൾ ലഭിച്ചതിൻറെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിച്ചതെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അറിയിച്ചു. ഡോ. സോണിച്ചൻ പി ജോസഫ്, എം. ശ്രീകുമാർ, ടി. കെ. രാമകൃഷ്ണൻ എന്നിവരുടെ പേരുകളാണ് സർക്കാർ ശുപാർശചെയ്തിരുന്നത്. എന്നാൽ പട്ടികയിലെ പേരുകാർക്കെതിരേ സാമ്പത്തിക ക്രമക്കേട് അടക്കമുള്ള ആരോപണങ്ങൾ ഉണ്ട്. ഈ പരാതികളുടെ സത്യാവസ്ഥയറിയാൻ ഗവർണർ വിജിലൻസ് ക്ലിയറൻസ് നിർദേശിച്ചിരുന്നു.

തുടർന്ന് പരാതിയിൽ വാസ്തവമുണ്ടെന്ന് കണ്ടെത്തിയ സാഹചര്യത്തിലാണ് സർക്കാരിൻറെ മറുപടി ആവശ്യപ്പെട്ട് ഗവർണർ പട്ടിക തിരിച്ചയച്ചത്. മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും നിയമമന്ത്രിയുമടങ്ങിയ സമിതിയാണ് മൂന്നുപേരുടെ പട്ടിക ശുപാർശചെയ്തത്.

# വ്യാപാരിയിൽനിന്നു പണം തട്ടിയ രണ്ടു പേർ പിടിയിൽ

കട്ടപ്പന: വ്യാപാരിയുടെ പണം തട്ടിയെടുത്ത രണ്ടു പേർ പിടിയിൽ. മുണ്ടക്കയം ചാച്ചിക്കവല ആറ്റുപറമ്പിൽ ഷെഹിൻ (29), കാഞ്ഞിരപ്പള്ളി പാറക്കടവ് കൊട്ടാരപ്പറമ്പിൽ സിനാജ് എന്ന് വിളിക്കുന്ന സിറാജ് (43) എന്നിവരാണ് കട്ടപ്പന പോലീസിൻറെ പിടിയിലായത്.

23നായിരുന്നു കേസിനാസ്പദമായ സംഭവം. 60 ലക്ഷം രൂപയുടെ സ്വർണം വാങ്ങി നൽകാമെന്നു വിശ്വസിപ്പിച്ച് വ്യാപാരിയായ എറണാകുളം പള്ളുപുത്തി മാനുവേലിൽ വീട്ടിൽ അബ്ദുൾ റഹീമിനെ പ്രതികൾ കട്ടപ്പനയിലെത്തിച്ചു. വൈകുന്നേരം 6.30 ഓടെ കട്ടപ്പനയിൽവച്ച് അഡ്വാൻസായി കൊണ്ടുവന്ന എട്ടു ലക്ഷം രൂപ തട്ടിയെടുത്ത ശേഷം പ്രതികൾ കടന്നു.

നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ എരുമേലി സൗത്ത് പുതുപ്പറമ്പിൽ മുഹമ്മദ് ഷെരീഫിൻറെ നേതൃത്വത്തിലുള്ള സംഘമാണ് പണം തട്ടിയെടുത്ത് മുങ്ങിയത്. സംഭവത്തിൽ പരാതി ലഭിച്ചതിനെത്തുടർന്ന് കട്ടപ്പന പോലീസ് നടത്തിയ അന്വേഷണത്തിലാണ് രണ്ടു പേർ പിടിയിലായത്.അറസ്റ്റിലായ പ്രതികൾ കൊലപാതകം, വധശ്രമം, പിടിച്ചുപറി, സാമ്പത്തിക തട്ടിപ്പ് തുടങ്ങിയ കേസുകളിലെ പ്രതികളും പോലീസിൻറെ റൗഡി ലിസ്റ്റിൽ ഉൾപ്പെട്ടവരുമാണ്. കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, പൊൻകുന്നം പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെയാണ് പ്രതികളെ പിടികൂടിയത്. പ്രതികൾ ഉപയോഗിച്ച വാഹനവും പോലീസ് കസ്റ്റഡിയിലെടുത്തു.ഇടുക്കി ജില്ലാ പോലീസ് മേധാവി വിഷ്ണു പ്രദീപ്, കട്ടപ്പന ഡിവൈഎസ്പി പി.വി. ബേബി എന്നിവയുടെ മേൽനോട്ടത്തിൽ കട്ടപ്പന പോലീസ് ഇൻസ്പെക്ടർ സുരേഷ് കുമാർ, കാഞ്ഞിരപ്പള്ളി പോലീസ് ഇൻസ്പെക്ടർ ഫൈസൽ, പൊൻകുന്നം പോലീസ് ഇൻസ്പെക്ടർ ദിലീഷ്, എസ് സിപിഒമാരായ സുരേഷ് ബി. ആൻറോ, ശ്രീജിത്ത്, സുമേഷ് എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.



*അത്യാധുനിക സംവിധാനങ്ങളുള്ള കുഴൽ കിണർ യൂണിറ്റ്*

# നഗരസഭകൾ ഗുരുവായൂരിലേക്കു ശുചിത്വ തീർഥാടനം നടത്തണം: മന്ത്രി എം. ബി. രാജേഷ്

ഗുരുവായൂർ: ശവക്കോട്ട എന്നറിയപ്പെട്ടിരുന്ന ചൂൽപ്പുറം ട്രഞ്ചിംഗ് ഗ്രൗണ്ട് എങ്ങിനെയാണ് പൂങ്കാവനമായി മാറിയതെന്ന് മറ്റ് നഗരസഭകൾ കണ്ടുപഠിക്കണമെന്നു മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. ഇതിനായി മറ്റു നഗരസഭകൾ ഗുരുവായൂരിലേക്ക് ഒരു ശുചിത്വതീർഥാടനം നടത്തണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

ഗുരുവായൂർ നഗരസഭയുടെ അത്യാധുനിക ബസ് ടർമിനലിൻറെയും സ്ട്രീറ്റ് ഷോപ്പിംഗ് കോംപ്ലക്സിൻറേയും നിർമാണോദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിനുതന്നെ അഭിമാനമാതൃകയാണ് ഗുരുവായൂർ. സ്വരാജ് ട്രോഫി നേടുന്നതിനുള്ള നിബന്ധനകളിൽ മാറ്റംവരുത്തിയശേഷം, സ്വരാജ് ട്രോഫി നേടുന്ന ആദ്യ നഗരസഭയാണ് ഗുരുവായൂർ. നിബന്ധനകൾ മുഴുവൻ നടപ്പിലാക്കിയതാണ് നഗരസഭയ്ക്ക് സ്വരാജ് ട്രോഫി ലഭിക്കാനിടയായതെന്നും മന്ത്രി പറഞ്ഞു. ഇതിനു നേതൃത്വം നൽകിയ നഗരസഭ ചെയർമാൻ എം.കൃഷ്ണദാസിനെ മന്ത്രി അഭിനന്ദിച്ചു.

ഇന്ത്യയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റവും കൂടുതൽ പ്ലാൻ ഫണ്ട് നൽകുന്നത് കേരളമാണ്. ഇക്കുറി 28.09 ശതമാനമാണ് പ്ലാൻ ഫണ്ടിനത്തിൽ നൽകുന്നത്. കേന്ദ്രത്തിൽനിന്ന് ഒരു വർഷത്തെ മാത്രം തുകയായി ലഭിക്കാനുള്ളത് 57,400 കോടിയാണ്. സുപ്രീംകോടതിയിൽനിന്ന് അനുകൂലവിധിയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സേവനത്തിന് കെ സ്മാർട്ട് എന്ന ഓൺലൈൻ സംവിധാനം ജനങ്ങൾക്കു സ്വീകാര്യമായിട്ടുള്ളതായും മന്ത്രി കൂട്ടിച്ചേർത്തു. എൻ.കെ. അക്ബർ എംഎൽഎ അധ്യക്ഷനായി.നഗരസഭ ചെയർമാൻ എം. കൃഷ്ണദാസ്, മുൻ എംഎൽഎ പി.ടി. കുഞ്ഞുമുഹമ്മദ്, നഗരസഭ വൈസ് ചെയർമാൻ എം.പി. അനീഷ്മ, സ്ഥിരംസമിതി അധ്യക്ഷൻമാരായ എ.എം. ഷെഫീർ, എ.എസ്. മനോജ്, ഷൈലജ സുധൻ, എ. സായിനാഥൻ, ബിന്ദു അജിത്കുമാർ, കൗൺസിലർമാരായ കെ.പി. ഉദയൻ, ശോഭ ഹരിനാരായണൻ, ബസ്സ്റ്റാൻഡിന് രൂപരേഖ തയാറാക്കിയ തൃശൂർ എൻജിനീയറിംഗ് കോളജിലെ ഡോ. ജ്യോത്സന റാഫേൽ എന്നിവർ പ്രസംഗിച്ചു.

മൂന്നുനിലകളിലായി 52,000 ചതുരശ്ര അടിയിൽ ബസ് ടെർമിനലും, 32,000 ചതുരശ്ര അടിയിൽ മൂന്ന് നിലകളിലായി സ്ട്രീറ്റ് ഷോപ്പിംഗ് കോംപ്ലക്സുമാണ് നിർമിക്കുന്നത്. ഊരാളുങ്കൽ ലേബർ സൊസൈറ്റിക്കാണ് നിർമാണ ചുമതല.

# പ്രളയ സഹായധനവിതരണത്തിൽ അട്ടിമറിയെന്ന് ആരോപണം

ആലപ്പുഴ: കുട്ടനാട്ടുകാരുടെ പ്രളയ സഹായധനവിതരണത്തിൽ ഉദ്യോഗസ്ഥതലത്തിൽ അട്ടിമറിയുണ്ടായെന്ന ആരോപണവുമായി പൊതുപ്രവർത്തകൻ രംഗത്ത്. പത്രസമ്മേളനത്തിൽ ആരോപണമുന്നയിച്ചത് സർക്കാർ അനുവദിച്ച തുക കൈയിലുണ്ടായിട്ടും അർഹതപ്പെട്ട 8,372 കുടുംബങ്ങൾക്ക് നിഷേധിക്കുകയാണെന്ന് പ്രളയ സഹായധനത്തിനായി കോടതിയെ സമീപിച്ച പൊതുപ്രവർത്തകൻ ജെയ്സപ്പൻ മത്തായിയാണ്.

2020ലെ കാലവർഷക്കെടുതിയിൽ ദുരിതമനുഭവിച്ച കുട്ടനാട്ടിലെ 43,538 കുടുംബങ്ങൾക്കാണ് സർക്കാർ സഹായധനം അനുവദിച്ചത്. 2021 ഡിസംബറിലാണ് ദുരന്ത പ്രതികരണനിധിയിൽനിന്നു ബാങ്ക് അക്കൗണ്ട് വഴി 3,800 രൂപ വീതം പ്രളയബാധിതർക്കു നൽകാൻ 16.55 കോടി അനുവദിച്ചുള്ള ഉത്തരവിറങ്ങിയത്.

ഇതിൽ 35,166 കുടുംബങ്ങൾക്കു മാത്രമാണ് രണ്ടു വർഷങ്ങളിലായി തുക കൈമാറിയത്. പോർട്ടലിൽ മതിയായ രേഖകൾ സമർപ്പിച്ച 37,091 കുടുംബങ്ങളിൽ 35,166 കുടുംബങ്ങൾക്ക് തുക കൈമാറിയിട്ടുണ്ടെന്നും ബാക്കി 1,925 കുടുംബങ്ങൾക്ക് 73 ലക്ഷം രൂപ നീക്കിയിരിപ്പുണ്ടെന്നുമാണ് വിവരാവകാശം നൽകിയതിൽ കുട്ടനാട് തഹസിൽദാർ നൽകിയ മറുപടി.

എന്നാൽ, 2021ലെ സർക്കാർ ഉത്തരവിൽ ഓൺലൈൻ പോർട്ടലിൽ 43,538 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇവർക്ക് തുക അനുവദിക്കണമെന്നുമാണുള്ളത്. ഇതിൽ 6,447 പേർ ലിസ്റ്റിൽനിന്ന് എങ്ങനെ പുറത്തായെന്ന് ജെയ്സപ്പൻ മത്തായി ചോദിക്കുന്നു.

അർഹതപ്പെട്ടവർക്ക് തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് 27ന് കുട്ടനാട് താലൂക്ക് ഓഫീസ് പടിക്കൽ സഹായധനം ലഭിക്കാത്തവരെ നേരിൽക്കണ്ട് ഒപ്പുശേഖരണവും സമരവും നടത്തുമെന്ന് ജെയ്സപ്പൻ മത്തായി അറിയിച്ചു. കെ.ജി. ജേക്കബ്, ജോബി കണ്ണമ്പള്ളിയിൽ, ഷാജി മീനത്തേരിൽ തുടങ്ങിയവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# ദമ്പതിമാർ മരിച്ച സംഭവം; കുട്ടികളുടെ സംരക്ഷണത്തിന് ബാലാവകാശകമ്മീഷൻറെ ഇടപെടൽ

ചേർത്തല: ഭർത്താവ് പെട്രോളൊഴിച്ചു കൊലപ്പെടുത്തിയ വെട്ടയ്ക്കൽ സ്വദേശി ആരതിയുടെ വീട്ടിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗങ്ങളായ ടി.സി. ജലജാമോളും എൻ. സുനന്ദയും സന്ദർശനം നടത്തി. അക്രമത്തിനിടെ പരിക്കേറ്റ ഭർത്താവ് ശ്യാം ജി. ചന്ദ്രനും മരിച്ചിരുന്നു. ഇതോടെ ദമ്പതിമാരുടെ മൂന്നരയും ഒമ്പതും വയസുള്ള മക്കൾ അനാഥരായി.

സംഭവത്തിൽ സ്വമേധയാ കേസെടുത്ത കമ്മീഷൻ കുട്ടികളുടെ സംരക്ഷണത്തിനായുള്ള നിർദേശങ്ങൾ നൽകി. ആരതിയുടെ അച്ഛനമ്മമാരിൽനിന്നും ബന്ധുക്കളിൽനിന്നും വിവിരങ്ങൾ ശേഖരിച്ചു.

സംഭവത്തിൽ സ്വമേധയാ കേസെടുത്തിരുന്നു. കുട്ടികളുടെ സംരക്ഷണത്തിനു സർക്കാരിൽ നിന്നുള്ള സഹായങ്ങൾക്കും കമ്മീഷൻ നിർദേശിച്ചു. കുട്ടികളുടെ മാനസികാരോഗ്യം ഉറപ്പാക്കുന്നതിനായി നിർദേശങ്ങൾ നൽകി. ഒമ്പതു വസുകാരന് കൗൺസിലിംഗ് നൽകുന്നതിനായി ജില്ലാ ശിശുസംരക്ഷണ ഓഫീസറെയും ഇളയകുട്ടിയുടെ മാനസികാരോഗ്യം ഉറപ്പാക്കുന്നതിനു അങ്കണവാടി അധ്യാപികയെയും ചുമതലപ്പെടുത്തി. മുതിർന്ന കുട്ടിക്കു കാർഷിപ് ഫോസ്റ്റ്കെയർ പദ്ധതിയിൽപ്പെടുത്തി പഠന സൗകര്യങ്ങളൊരുക്കാനുള്ള നടപടികളും കമ്മീഷൻ തുടങ്ങിയിട്ടുണ്ട്.

ജില്ലാ ശിശു സംരംക്ഷണ ഓഫീസർ മിനിമോൾ, ടി.വി. ഡയാന എന്നിവർ അംഗങ്ങൾക്കൊപ്പമുണ്ടായിരുന്നു.

# മുഖ്യമന്ത്രിയുമായി മുതിർന്ന പൗരന്മാരുടെയും സർവ്വീസ് പെൻഷണർമാരുടെയും മുഖാമുഖം

നവകേരള സദസ്സിന്റെ തുടർച്ചയായി വയോജന സൗഹൃദ കേരളം നവകേരള കാഴ്ചപ്പാട് എന്ന ആശയം മുൻനിർത്തി വയോജനങ്ങളുമായും പെൻഷനേഴ്സ് പ്രതിനിധികളുമായുള്ള മുഖ്യമന്ത്രി പിണറായി വിജയന്റെ മുഖാമുഖം നാളെ (27/02)ന് തിരുവനന്തപുരത്ത് നടക്കും. വ്യത്യസ്ത മേഖലകളിൽ പ്രാവീണ്യം തെളിയിച്ച എല്ലാ ജില്ലകളിൽ നിന്നുമുള്ള പ്രതിനിധികൾ നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ നടക്കുന്ന മുഖാമുഖത്തിൽ പങ്കെടുക്കും.സർക്കാർ സർവീസിൽ നിന്നും ഉന്നതസ്ഥാനം വഹിച്ച് വിരമിച്ച ആളുകളെ പെൻഷനേഴ്സ് പ്രതിനിധികളായും പങ്കെടുപ്പിക്കും. വൈകീട്ട് മൂന്നിന് ആരംഭിക്കുന്ന പരിപാടി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. മുഖ്യമന്ത്രിക്ക് പുറമേ മന്ത്രിമാരായ ഡോ. ആർ. ബിന്ദു, വി. ശിവൻകുട്ടി, ജി.ആർ. അനിൽ, വി.കെ. പ്രശാന്ത് എം.എൽ.എ എന്നിവർ മുഖാമുഖത്തിൽ പങ്കെടുക്കും.

50 പേർക്ക് മുഖ്യമന്ത്രിയോട് നേരിട്ട് ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരമുണ്ടാകും. മറ്റുള്ളവർക്ക് ചോദ്യങ്ങൾ തത്സമയം എഴുതി നൽകാം. വിവിധ ജില്ലകളിൽ നിന്നുള്ള ആയിരത്തോളം പേരെ മുഖ്യമന്ത്രിയുടെ പ്രത്യേക കത്തയച്ചാണ് ക്ഷണിക്കുന്നത്.

ഡോ. ബി. ഇക്ബാൽ, ഇബ്രാഹിം കുട്ടി, ജി. ശങ്കർ, പ്രൊഫ. വി. മധുസൂദനൻ നായർ, വി.എ.എൻ. നമ്പൂതിരി, അമരവിള രാമകൃഷ്ണൻ, ഹനീഫ റാവുത്തർ, എൻ. അലി അബ്ദുള്ള, ഫാദർ ജോർജ് ജോഷ്വാ, ഡോ. പുനലൂർ സോമരാജൻ, പ്രൊഫ. കെ.എ. സരള, ഡോ. എം.ആർ. രാജഗോപാൽ, ഡോ. ഡി. രാധാദേവി, കെ. രാജൻ, രഘുനാഥൻ നായർ, രാജാറാം തമ്പി എന്നിവർ സംവദിക്കും. ഡോ. അനിഷ്യ ജയദേവ് മോഡറേറ്ററാകും. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ എച്ച്. ദിനേശൻ, ഒ.സി.ബി മെമ്പർ സെക്രട്ടറി സിനുകുമാർ കെ. എന്നിവർ സംബന്ധിക്കും. സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാർ കൃതജ്ഞത അർപ്പിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA

2024 FEBRUARY 27 TUESDAY





നവീകരിച്ച തോട്ടുമുക്ക് കമ്യൂണിറ്റി ഹാൾ മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്യുന്നു

# ഭിന്നശേഷിയുണ്ടെന്നുകരുതി ഒതുങ്ങിക്കൂടരുത്, സാധ്യമായ എല്ലാ സഹായവും നൽകും: മുഖ്യമന്ത്രി

ഭിന്നശേഷിയുണ്ടെന്ന് കരുതി ഒതുങ്ങിക്കൂടരുതെന്നും ഭിന്നശേഷി ജീവിതവിജയത്തിന് തടസമല്ലെന്ന് തെളിയിച്ച നിരവധി ആളുകളുണ്ടെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.

ഭിന്നശേഷി ഒരു പോരായ്മയല്ലെന്നും അതിനെ അതിജീവിക്കാൻ കഴിയുമെന്നും ഓരോരുത്തരും നിശ്ചയിക്കണം. സാധ്യമായ എല്ലാ സഹായസഹകരണങ്ങളും ഉറപ്പുവരുത്തി നവകേരളം ഭിന്നശേഷി സൗഹൃദമാക്കാൻ പ്രതിജ്ഞാബദ്ധമാണ് മുഖ്യമന്ത്രി പറഞ്ഞു.

തിരുവനന്തപുരത്ത് ഭിന്നശേഷി വിഭാഗത്തിൽനിന്നുള്ളവരുമായി നടത്തിയ മുഖാമുഖം പരിപാടിയിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഭിന്നശേഷിയുള്ളവർ പൊതുസമൂഹത്തിൽ നേരിടുന്ന അസമത്വവും വിവേചനവും അവസാനിപ്പിക്കുകയെന്നത് ആധുനിക ജനാധിപത്യ സമൂഹത്തിന് അത്യന്താപേക്ഷിതമാണ്. കാഴ്ച, കേൾവി, സംസാരശേഷി എന്നിവയിലോ ശാരീരികമായോ ബുദ്ധിപരമായോ പിന്നാക്കം നിൽക്കുന്നവരെ അതൊന്നുമില്ലാത്തവരോടു മത്സരിക്കാൻ നിയോഗിക്കുന്നതു നീതിയല്ല. അതു ഭിന്നശേഷിയുള്ളവർ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക മേഖലകളിൽ എക്കാലവും പിന്നോക്കം തന്നെ നിൽക്കുന്നു എന്ന് ഉറപ്പുവരുത്തുകയാണ് ചെയ്യുക.

ഭിന്നശേഷിയുള്ളവരെ സവിശേഷമായി കാണുകയും അവർക്കു വേണ്ട പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യണം. ഇതു മുൻനിർത്തി നവകേരള സൃഷ്ടിയുടെ ഭാഗമായി ഭിന്നശേഷിയുള്ളവരെക്കൂടി സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരാനുള്ള ശ്രമത്തിലാണു സംസ്ഥാന സർക്കാർ.

നവകേരളത്തിന്റെ മുഖമുദ്രകളിൽ പ്രധാനപ്പെട്ടത് അതിന്റെ ഉൾച്ചേർക്കൽ സ്വഭാവമാണ്.

എന്തു കാരണത്തിന്റെ പേരിലാണെങ്കിലും ഒരൊറ്റ വ്യക്തിപോലും അതിൽ നിന്ന് ഒഴിവാക്കപ്പെടുകയില്ല. ഭിന്നശേഷി എന്നത് വ്യക്തിയുടെ മാത്രം പ്രശ്നമാണെന്നും സമൂഹത്തിന് അതിൽ ഉത്തരവാദിത്വമില്ലെന്നും വ്യാഖാനിക്കുന്ന ചിലരുണ്ട്. ഇതൊരു ആരോഗ്യപ്രശ്നമാണെന്നും അതിനാൽ ചികിത്സ ലഭ്യമാക്കുക മാത്രമാണ് സമൂഹത്തിന്റെ കടമയെന്ന് കരുതുന്നവരുമുണ്ട്.

എന്നാൽ ഭിന്നശേഷിക്കാരുടെ സമഗ്രവികസനം സമൂഹത്തിന്റെ പൊതു ഉത്തരവാദിത്തമാണെന്നും മറ്റുള്ളവരെപ്പോലെ അവരെയും ചേർത്തുനിർത്തേണ്ടത് സമൂഹത്തിന്റെ പ്രധാന കടമയാണെന്നുമുള്ള കാഴ്ചപ്പാടാണ് സംസ്ഥാന സർക്കാരിനുള്ളത്. ഒരു രംഗത്തു ഭിന്നശേഷി, മറ്റൊരു രംഗത്ത് അധികശേഷി എന്നും വരാം. ഈ അധികശേഷി കണ്ടെത്തി വളർത്തിക്കൊണ്ടുവരിക എന്നതും സർക്കാരിന്റെ നയമാണ്.

വിവിധങ്ങളായ സമീപനങ്ങളെയും സാധ്യതകളെയും സമന്വയിപ്പിച്ചു നിരവധി പദ്ധതികളാണു ഭിന്നശേഷിക്കാരുടെ സമഗ്ര വികസനത്തിനായി സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളത്.

ഭിന്നശേഷിയുള്ളവർക്ക് കൂടി ഉപയോഗിക്കാൻ കഴിയുന്ന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, വിദ്യാഭ്യാസത്തിലും തൊഴിലിലും അവരുടെ പങ്കാളിത്തം ഉറപ്പാക്കുക, പരമാവധി ഇടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുക എന്നിവയെല്ലാം ചെയ്തുവരുന്നത് ഈ കാഴ്ചപ്പാടിന്റെ ഭാഗമായാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

# ഉഷ്ണകാല ദുരന്ത ലഘൂകരണം : മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു

പാലക്കാട് : സിവിൽ സ്റ്റേഷനിലേത് ഉൾപ്പെടെ എല്ലാ സർക്കാർ ഓഫീസുകളിലും അടിയന്തര ഫയർ ഓഡിറ്റ് നടത്തി സ്വീകരിക്കേണ്ട നടപടികൾ എടുക്കാൻ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാ കളക്ടർ എസ്. ചിത്ര നിർദേശം നൽകി.

അന്തരീക്ഷ താപനില ഉയർന്ന് വരുന്ന സാഹചര്യത്തിൽ ചേംബറിൽ പ്രത്യേകമായി വിളിച്ചു ചേർത്ത ഉദ്യോഗസ്ഥ തല യോഗത്തിലാണ് ജില്ലാ കളക്ടർ ഉഷ്ണകാല ദുരന്ത ലഘൂകരണ തയ്യാറെടുപ്പ് സംബന്ധിച്ച് നിർദ്ദേശം നൽകിയത്.

തീ പിടിക്കാവുന്ന വസ്തുക്കൾ കൂടിക്കിടക്കുന്നത് ഒഴിവാക്കുക, വൈദ്യുത ഉപകരണങ്ങൾ ഉപയോഗശേഷം ഓഫ് ചെയ്യുക, തീ അണയ്ക്കുവാൻ ആവശ്യമായ സൗകര്യം ഒരുക്കുക, കെട്ടിടത്തിലെ നടപ്പാതകളിൽ തടസങ്ങൾ ഇല്ല എന്ന് ഉറപ്പുവരുത്തുക തുടങ്ങിയവയാണ് ഓഫീസുകളിൽ പരിശോധന നടത്തുക.

തദ്ദേശസ്വയംഭരണ വകുപ്പും സന്നദ്ധ സംഘടനകളും മറ്റു ബന്ധപ്പെട്ട വകുപ്പുകളും സഹകരിച്ച് പൊതുജനങ്ങൾക്കും യാത്രക്കാർക്കും പൊതുയിടങ്ങളിൽ തണ്ണീർപന്തലുകൾ, വാട്ടർ കിയോസ്കുകൾ സ്ഥാപിക്കണം. ചൂട് കൂടുതലുള്ള സമയങ്ങളിൽ പാർക്കുകൾ പോലുള്ള വിശ്രമ കേന്ദ്രങ്ങൾ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കാൻ അധികൃതർ നടപടിയെടുക്കണം. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കാനും ഇത് സംബന്ധിച്ച് പരിശോധന നടത്തി ഒരാഴ്ചയ്ക്കകം റിപ്പോർട്ട് നൽകാനും ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകി.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരീക്ഷാ സമയങ്ങളിലുൾപ്പെടെ വാട്ടർബെൽ പദ്ധതി കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ജില്ലാ കളക്ടർ വിദ്യഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകി.

ക്രമീകരിച്ച തൊഴിൽ സമയം പാലിക്കപ്പെടുന്നുണ്ടേന്ന് ഉറപ്പാക്കാൻ തൊഴിൽ വകുപ്പ് അധികൃതർക്ക് നിർദേശം നൽകി. വേനൽ കാലങ്ങളിൽ കുടിവെള്ളം തേടി വന്യമൃഗങ്ങൾ കാടുവിട്ടിറങ്ങാനുള്ള സാഹചര്യം ഒഴിവാക്കാനായി മുൻകരുതലുകൾ എടുക്കാനും വനങ്ങളിൽ ജലലഭ്യത ഉറപ്പാക്കാനും വനംവകുപ്പ് അധികൃതർക്ക് നിർദ്ദേശം നൽകി. പടക്ക നിർമ്മാണശാലകൾ പരിശോധിച്ച് സുരക്ഷ ഉറപ്പാക്കാൻ ഫയർ ഫോഴ്സ് ഓഫീസർക്കും അനധികൃത പടക്ക നിർമാണശാലകൾ പരിശോധിച്ചു റിപ്പോർട്ട് നൽകാൻ തഹസിൽദാർമാർക്കും നിർദേശമുണ്ട്.എംജിഎൻആർഇജിഎസ് മുഖേന കുളങ്ങളിൽ ജലലഭ്യത ഉറപ്പാക്കാനും പൈപ്പ് പൊട്ടി വെള്ളം പാഴാകുന്നത് ഒഴിവാക്കാൻ വാട്ടർ അതോറിറ്റി അധികൃതർക്കും നവകേരള മിഷൻറെ നീരുറവ സംരക്ഷണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സജീവമാക്കി നിർത്താനും ജില്ലാ കലക്ടർ യോഗത്തിൽ നിർദേശം നൽകി.യോഗത്തിൽ വാട്ടർ അഥോറിറ്റി, ജെഡിഎൽഎസ്ജിഡി, ആരോഗ്യം, ഭൂജലവകുപ്പ്, ഫയർഫോഴ്സ്, വനം വകുപ്പ്, പി.ആർ.ഡി ഉദ്യോഗസ്ഥർ പങ്കെടുത്തു.

# ആൽഫ പാലിയേറ്റീവ് കെയർ വിഷൻ 20 30 ശില്പശാല

തിരുവല്ല: പാലിയേറ്റീവ് കെയർ രംഗത്തെ വെല്ലുവിളികളും പരിഹാരമാർഗങ്ങളും എന്ന വിഷയത്തിൽ പാലിയേറ്റീവ് കെയർ ശൃംഖലയായ ആൽഫ പാലിയേറ്റീവ് കെയറിൻറെ വിഷൻ 2030 കാമ്പയിൻ ശില്പശാല തിരുവല്ലയിൽ നടത്തി.

തിരുവല്ല മുനിസിപ്പൽ ചെയർപേഴ്സൺ അനു ജോർജ് ഉദ്ഘാടനം ചെയ്തു. ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സാറാമ്മ ഫ്രാൻസിസ്, കൗൺസിലർ ഗംഗ രാധാകൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു. ആൽഫ പാലിയേറ്റീവ് കെയർ ചെയർമാൻ കെ.എം. നൂർദീൻ അധ്യക്ഷത വഹിച്ചു. കമ്യൂണിറ്റി ഡയറക്ടർ സുരേഷ് ശ്രീധരൻ ആമുഖപ്രഭാഷണം നടത്തി. വിഷൻ 2030 ഡിസ്ട്രിക്ട് ഡയറക്ടർ എസ്.ബി. പ്രസാദ് സ്വാഗതവും കമ്യൂണിറ്റി ഡവലപ്മെൻറ് ഓഫീസർ എബിൻ മാത്യു സാം നന്ദിയും പറഞ്ഞു.സാമൂഹ്യപ്രവർത്തകരും ആരോഗ്യപ്രവർത്തകരുമടക്കം 120 ൽപരം പേർ പങ്കെടുത്തു. തിരുവല്ല കേന്ദ്രീകരിച്ച് സമീപപ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്തുകളെകൂടി ഉൾപ്പെടുത്തി പുതിയ ലിങ്ക് സെൻറർ തുടങ്ങുന്നതിനായി ലാൽ നന്ദാവനംപ്രസിഡൻറ്, കെ.എസ്. പ്രകാശ്സെക്രട്ടറി, സന്തോഷ് ഫിലിപ്ട്രഷറർ എന്നിവരുടെ നേതൃത്വത്തിൽ കമ്മിറ്റിക്ക് രൂപം നൽകി.

# ലോക്സഭാ തെരഞ്ഞെടുപ്പ് : മാർഗനിർദേശവുമായി ശുചിത്വമിഷൻ

ഇടുക്കി: ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിനുള്ള മാർനിർദേശങ്ങൾ ശുചിത്വമിഷൻ പുറത്തിറക്കി. തെരഞ്ഞെടുപ്പിന് ആവശ്യമായ പരസ്യ പ്രചാരണ ബാനറുകൾ, ബോർഡുകൾ, ഹോർഡിംഗുകൾ തുടങ്ങിയവയ്ക്ക് പുനഃചംക്രമണം സാധ്യമല്ലാത്ത പിവിസി, ഫ്ളെക്സ്, പോളിസ്റ്റർ, നൈലോൺ, പ്ലാസ്റ്റിക് കോട്ടിംഗുള്ള തുണി എന്നിവ ഉപയോഗിക്കാൻ പാടില്ല. തെരഞ്ഞെടുപ്പ് പൂർണമായും മാലിന്യ മുക്തവും പരിസ്ഥിതി സൗഹൃദവുമാക്കുന്നതിനാണ് നിർദേശങ്ങൾ പുറപ്പെടുവിച്ചത്.

നൂറുശതമാനം കോട്ടൺ, പ്ലാസ്റ്റിക് ഇല്ലാത്ത പേപ്പർ, റീസൈക്കിൾ ചെയ്യാവുന്ന പോളി എത്തിലിൻ എന്നിവയിൽ പിവിസി ഫ്രീ റീസൈക്ലബിൾ ലോഗോയും യൂണിറ്റിൻറെ പേരും നമ്പരും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് നമ്പർ അല്ലെങ്കിൽ ക്യൂ ആർ കോഡ് എന്നിവ പതിച്ച് ഉപയോഗിക്കണം.

കോട്ടൺ, പോളി എത്തിലീൻ എന്നിവ നിർമിച്ച് വിതരണം ചെയുന്ന സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ് മുഖാന്തിരം സാമ്പിളുകൾ സമർപ്പിക്കേണ്ടതും കോട്ടൺ വസ്തുക്കൾ പരിശോധിച്ച് 100 ശതമാനം കോട്ടൺ എന്ന് സാക്ഷ്യപ്പെടുത്തേണ്ടതും പോളി എത്തിലീൻ വസ്തുക്കൾ പിവിസി ഫ്രീ, റീസൈക്ലബിൾ പോളി എത്തിലീൻ എന്ന് സാക്ഷ്യപ്പെടുത്തിയും മാത്രമേ വില്പന നടത്താവൂ.

ഉപയോഗശേഷം പോളി എത്തിലീൻ ഷീറ്റ് , പ്രിൻറിംഗ് യൂണിറ്റിലേക്കുതന്നെയോ അംഗീകൃത റീസൈക്ലിംഗ് യൂണിറ്റിലേക്കോ തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ഹരിതകർമസേന, ക്ലീൻ കേരള കമ്പനി എന്നിവർക്ക് യൂസർഫീ നൽകിയോ റീസൈക്ലിംഗ് ഉറപ്പാക്കണം.

# അമൃത് ഭാരത് പദ്ധതി: ഉദ്ഘാടന പരിപാടിയിൽ തിരുവല്ലയെ വെട്ടി

തിരുവല്ല: അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവല്ല റെയിൽവേ സ്റ്റേഷനിൽ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിനിടെ നാളെ നടക്കേണ്ടിയിരുന്ന നിർമാണോദ്ഘാടനത്തിൽ തിരുവല്ലയെ ഒഴിവാക്കി. 12.41 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾക്കായിരുന്നു അനുമതി. ഇതിൽ 8.72 കോടി രൂപയുടെ ജോലികളാണ് നടന്നുവരുന്നത്. ആറുമാസമാണ് കരാർ കാലാവധി. പുതിയ പ്രവേശന കവാടം, പ്ലാറ്റ്ഫോമുകളിലെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ അടക്കം പുരോഗമിച്ചുവരികയാണ്.

പ്രവേശന കവാടത്തിലെ പോർച്ചിൻറെയും എൻട്രൻസ് ആർച്ചിൻറെയും പണികൾ ആരംഭിച്ചു. പ്രധാന പ്രവേശന കവാടം ബൈപാസിൽനിന്നുള്ള വൈഎംസിഎ റോഡിൽനിന്നാകും. ഫുട്ട് ഓവർ ബ്രിഡ്ജ്, വിശ്രമസ്ഥലങ്ങളുടെയും കാത്തിരിപ്പ് സ്ഥലങ്ങളുടെയും വിസ്തൃതി വർധിപ്പിക്കൽ, സ്റ്റേഷനിൽ എത്തുന്ന വാഹനങ്ങൾക്ക് സുഗമമായി കടന്നുവരുന്നതിനും പോകുന്നതിനും പാർക്ക് ചെയ്യുന്നതിനുമുള്ള സൗകര്യം വർധിപ്പിക്കുക.

ലാൻഡ് സ്കേപ്പിംഗ്, പ്ലാറ്റ്ഫോമുകൾ നവീകരിക്കുക, പ്ലാറ്റ്ഫോമുകളിലെ മേൽക്കൂരകൾ പൂർണമായും റൂഫിംഗ് ചെയ്യുക, റെയിൽവേ ടിക്കറ്റ് ബുക്കിംഗ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, ശൗചാലയങ്ങളുടെ നിർമാണം, ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കൽ, പബ്ലിക് ഇൻഫർമേഷൻ സിസ്റ്റം മെച്ചപ്പെടുത്തുക, ബെഞ്ചുകൾ, വാഷ്ബേസിനുകൾ, ഡസ്റ്റ് ബിന്നുകൾ, സെറിമോണിയൽ ഫ്ലാഗ്, ഇലക്ട്രിഫിക്കേഷൻ, ഫർണിച്ചറുകൾ, സിഗ്നൽ ആൻഡ് ടെലികമ്യൂണിക്കേഷൻ അറേഞ്ച്മെൻറ്സ് എന്നിവയാണ് നടപ്പിലാക്കുന്നത്.

# മലങ്കരസഭ വിദ്യാഭ്യാസ കമ്മീഷൻ സെമിനാറും നേതൃസമ്മേളനവും 27ന്

തിരുവല്ല: സീറോമലങ്കര സഭ വിദ്യാഭ്യാസ കമ്മീഷൻറെ ആഭിമുഖ്യത്തിൽ ഭാവി പഠന പ്രക്രിയയിൽ നിർമിത ബുദ്ധിയുടെ സാധ്യതകൾ എന്ന വിഷയത്തിൽ ഏകദിന സെമിനാറും നേതൃസമ്മേളനവും 27ന് തിരുവല്ല മാക്ഫാസ്റ്റിൽ നടക്കും. സഭയുടെ കീഴിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള നൂറോളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും.

മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യും. ബത്തേരി രൂപതാധ്യക്ഷൻ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ആർച്ച്ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് അനുഗ്രഹ പ്രഭാഷണം നടത്തും.സമ്മേളനത്തിൻറെ ഭാഗമായി ബംഗളൂരു ആസ്ഥാനമായ ഇൻറലിജൻസ് പ്ലാറ്റ്ഫോംസ് ആൻഡ് എൻജിനിയറിംഗ് ഗ്ലോബൽ ഹെഡ് ഫിലിപ്പ് വർഗീസ് ഭാവി പഠന പ്രക്രിയയിൽ നിർമിത ബുദ്ധിയുടെ സാധ്യതകൾ എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തുമെന്ന് മാക്ഫാസ്റ്റ് ഡയറക്ടർ റവ.ഡോ. ചെറിയാൻ ജെ. കോട്ടയിൽ, പ്രസിൻസിപ്പൽ ഡോ. വർഗീസ് കെ. ചെറിയാൻ, മലങ്കര കത്തോലിക്കാ സഭ വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി പ്രഫ. കെ.വൈ. ബനഡിക്ട് എന്നിവർ അറിയിച്ചു.

# കുടിവെള്ളപദ്ധതി പാതിവഴിയിൽ മുടങ്ങി : ചൊരക്കാമൊട്ട ഭാഗത്ത് കുടിവെള്ളമില്ല

ഉപ്പുതറ: രണ്ടു വർഷം മുൻപ് തുടങ്ങിയ കുടിവെള്ള പദ്ധതി പൂർത്തിയാകാത്തതു കാരണം കരിന്തരുവി പാലം ചൊരക്കാമൊട്ട 27 പുതുവൽ പ്രദേശത്തെ നൂറ്റമ്പതോളം കുടുംബങ്ങൾ ശുദ്ധജലത്തിന് നെട്ടോട്ടമോടുകയാണ്. ഉണ്ടായിരുന്ന ജലസ്രോതസ് വറ്റിയതോടെ ഒരു മാസമായി കുടിവെള്ളം വില കൊടുത്തു വാങ്ങുകയാണ്. 500 ലിറ്റർ വെള്ളം വാഹനത്തിൽ സ്ഥലത്ത് എത്തിക്കണമെങ്കിൽ 1000 രൂപ നൽകണം. ഇതിനു കഴിയാത്തവർ കിലോമീറ്ററുകൾ മലയിറങ്ങി താഴ്ന്ന സ്ഥലങ്ങളിൽ നിന്നു തലച്ചുമടായി വെള്ളം എത്തിക്കുകയാണ്.

പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ 2021 22 ൽ നീർത്തട പദ്ധതിയിൽ ഉൾപ്പെടുത്തി കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് 15 ലക്ഷം രൂപ അനുവദിച്ചു. ചീന്തലാർ പുഴക്കരയിൽ കരിന്തരുവി എസ്റ്റേറ്റ് നൽകിയ സ്ഥലത്ത് കുളവും 27 പുതുവൽ മലമുകളിൽ അജിത് ഭവനിൽ ഐ. ജോൺ നൽകിയ സ്ഥലത്ത് ടാങ്കും നിർമിച്ചു. തുടർന്നുള്ള പദ്ധതി നടത്തിപ്പ് ഉപ്പുതറ പഞ്ചായത്തിന് കൈമാറി. മോട്ടോർ , വിതരണ പൈപ്പ്, വൈദ്യുതി ബന്ധം എന്നിവയ്ക്ക് 2022 23 ൽ പഞ്ചായത്ത് 5.5 ലക്ഷം രൂപ വകയിരുത്തി.

എന്നാൽ, തുടർ നടപടി ഉണ്ടാകാത്തതിനാൽ അനുവദിച്ച തുക സ്പിൽ ഓവറിലായി. ഈ വർഷം ടെൻഡർ ക്ഷണിച്ചെങ്കിലും സർക്കാരിൻറെ സാമ്പത്തിക പ്രതിസന്ധിയിൽ ബില്ലു മാറില്ലെന്ന കാരണം പറഞ്ഞ് പണി ഏറ്റെടുക്കാൻ കരാറുകാർ തയാറായില്ല. രണ്ടാമതു വിളിച്ച ടെൻഡർ പ്രകാരം ഒരു മാസം മുൻപ് ഒരാൾ കരാർ ഏറ്റെടുത്തെങ്കിലും പ്രതിസന്ധി തുടരുകയാണ്.

മുൻപുള്ള ബില്ലു മാറിയാലേ കരാറുകാരൻ പണി ചെയ്യുകയുള്ളു. പഴയ ബില്ലു മാറാനുള്ള ശ്രമത്തിലാണെന്നും ഇതു കിട്ടിയാലുടൻ പണി നടത്തുമെന്നും പഞ്ചായത്തംഗം ടി. ശിവകുമാർ പറഞ്ഞു.

# കർഷക സമരത്തിന് ഐക്യദാർഢ്യം

ചിറ്റാരിക്കാൽ: ഡൽഹിയിൽ നടക്കുന്ന കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഈസ്റ്റ് മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ചിറ്റാരിക്കാൽ ടൗണിൽ തിരിതെളിച്ചു. യൂത്ത് കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡൻറ് ജോമോൻ ജോസ് ഉദ്ഘാടനം ചെയ്തു. കർഷക മക്കളുടെ ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കാൻ കേന്ദ്രസർക്കാർ തയ്യാറാവണമെന്ന് യോഗം ആവശ്യപ്പെട്ടു. മണ്ഡലം പ്രസിഡൻറ് ജോർജുകുട്ടി കരിമഠം അധ്യക്ഷത വഹിച്ചു. ഈസ്റ്റ് എളേരി പഞ്ചായത്ത് പ്രസിഡൻറ് ജോസഫ് മുത്തോലി, കർഷക കോൺഗ്രസ് മണ്ഡലം പ്രസിഡൻറ് ഗിൽ റോയി, ശാന്തമ്മ ഫിലിപ്പ്,ജോയി ജോസഫ്, ടോമി പ്ലാച്ചേരി, ജോസ് കുത്തിയതോട്ടിൽ, ഗോപാലകൃഷ്ണൻ, ജോബിൻ ബാബു, ഷോണി കലയത്താങ്കൽ എന്നിവർ പ്രസംഗിച്ചു.

## ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം; കർശന നിർദേശവുമായി തെരഞ്ഞെടുപ്പ് കമ്മീഷൻ

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിൻറെ ഭാഗമായി ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിൽ കർശന നിർദേശവുമായി തെരഞ്ഞെടുപ്പ് കമ്മീഷൻ.

സ്ഥലം മാറി പോകുന്ന ഉദ്യോഗസ്ഥനെ ജോലി ചെയ്തിരുന്ന അതേ പാർലമെൻറ് മണ്ഡലത്തിൻറെ പരിധിയിൽ നിയമിക്കരുതെന്ന് സംസ്ഥാനങ്ങൾക്ക് തെരഞ്ഞെടുപ്പു കമ്മീഷൻ നിർദേശം നൽകി. സ്വന്തം ജില്ലയിലുള്ളവരോ ഒരേ സ്ഥലത്ത് മൂന്നു വർഷം പൂർത്തിയാക്കിയവരോ ആയ ഉദ്യോഗസ്ഥരെ തെരഞ്ഞെടുപ്പിൻറെ ഭാഗമായി സ്ഥലം മാറ്റി നിയമിക്കണമെന്ന് കമ്മീഷൻ നേരത്തേ സംസ്ഥാനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. ഇതിൻറെ ഭാഗമായി തൊട്ടടുത്ത ജില്ലയിലേക്ക് സ്ഥലം മാറ്റുമ്പോൾ അതേ പാർലമെൻറ് മണ്ഡലം ഉൾപ്പെടുന്ന സ്ഥലത്തേക്കാകരുതെന്നാണ് നിർദേശം.

# എക്സൈസ് കൺട്രോൾറൂം തുറന്നു

ഇടുക്കി: ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി ജില്ലയിൽ മദ്യം, മയക്കുമരുന്ന് എന്നിവയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ പൂർണമായും തടയുന്നതിന് ഇടുക്കി എക്സൈസ് ഡിവിഷൻ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നു. ഇതോടൊപ്പം എൻഫോഴ്സ്മെൻറ് പ്രവർത്തനവും ശക്തിപ്പെടുത്തും.

വ്യാജമദ്യം, മയക്കുമരുന്ന് എന്നിവ സംബന്ധിച്ച് ലഭിക്കുന്ന വിവരങ്ങൾ പൊതുജനങ്ങൾക്ക് ടോൾ ഫ്രീ നമ്പറുകളിൽ അറിയിക്കാം.

ലഭിക്കുന്ന വിവരങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിന് സർക്കിൾ തലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് ടീമിനെ നിയോഗിച്ചതായി ഇടുക്കി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ അറിയിച്ചു.

ഫോൺ: ജില്ലാതല എക് സൈസ് കൺട്രോൾ റൂം ടോൾ ഫ്രീ നമ്പർ18004253415, ഹോട്ട് ലൈൻ നമ്പർ 155358, അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർ(എൻഫോഴ്സ്മെൻറ്) ഇടുക്കി 04862232469, 9496002866,

സ്പെഷൽ സ്ക്വാഡ് ഇടുക്കി 04862 232469, 9400069532, 9400069533, നാർക്കോട്ടിക് എൻഫോഴ്സ്മെൻറ് സ്ക്വാഡ്, അടിമാലി 04864 225782, 9400069534, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, തൊടുപുഴ04862 222493, 9447178058.